# പ്രതീക്ഷയുടെ പൂമൊട്ടുകൾ

വാല്യം 35 ലക്കം മെയ് 2017 വാർഷിക വരിസംഖ്യ ₹100



പ്രോസാങ്ടിറ്റി പബ്ലിക്കേഷൻസ്

# പിതൃ മൊഴി

## ദൈവദാസൻ ബിഷപ് വില്യം ജക്വീന്താ



നല്ല അന്തരീക്ഷത്തെ
സൃഷ്ടിക്കുന്നതു പുഞ്ചിരി
യാകയാൽ കൂടുതൽ
പുഞ്ചിരിക്കുക.

ജീവിതത്തിലുണ്ടാകുന്ന ദൗർഭാഗ്യ
കരമായ സംഭവങ്ങളിൽ സമനില
തെറ്റാതെ, ഭയചകിതരാകാതെ
മുമ്പോട്ടുപോകുവാൻ വിശ്വാസം
നമ്മെ സഹായിക്കുന്നു.

എല്ലാവർക്കും എല്ലാം
ചെയ്യാൻ പറ്റുകയില്ല.
എന്നാൽ അവരവരുടെ ഭാഗം
ചെയ്യാൻ എല്ലാവർക്കും
സാധിക്കും.

നമ്മെ കർത്താവുമായി
ബന്ധിപ്പിക്കുന്ന
സ്വർണച്ചരടാണു
ദൈവവചനം.

ദൈവത്തിന്റെ മുമ്പിൽ
മനുഷ്യൻ എടുക്കുന്ന
സമ്പൂർണ സമർപ്പണമാണു
വിശ്വാസം.

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

**വാല്യം 35 ശ്ലീഹാ ലക്കം മെയ് 2017**


*"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം" (1 തെസ 4,3)*


രക്ഷാധികാരി:
**ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**

**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ:
**മല്പാൻ റവ. ഡോ. മാത്യു വെള്ളാനിക്കൽ**

മാനേജിംഗ് എഡിറ്റർ:
**അന്നമ്മ കുളത്തൂപുരയിടം എ.ഒ.**

എക്സിക്യൂട്ടീവ് എഡിറ്റർ:
**ഷിനി തെരേസ് എ.ഒ.**

പത്രാധിപസമിതി:
**റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**
**അനു കുരിശുംമൂട്ടിൽ എ.ഒ.**
**ജിസ കൂട്ടിയാനിക്കൽ എ.ഒ.**

അഡ്വൈസറി ബോർഡ്:
**റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ**
**റവ. ഫാ. ജോസഫ് പുത്തൻപറമ്പിൽ**
**വിൽസൺ ജോർജ്ജ് അറയ്ക്കൽ** M.A. Mphil

സർക്കുലേഷൻ മാനേജേഴ്സ്:
**പ്രിൻസി മൈലാടിയിൽ എ.ഒ.**
**മിസ്റ്റർ കുര്യൻ മാത്യു ഇല്ലിക്കൽ**
**മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ**

ഫിനാൻസ് മാനേജർ:
**ഷീലമ്മ പൂതക്കുഴി എ.ഒ.**

കവർ ഡിസൈനിംഗ് & ലേഔട്ട്
**ലിജോ കരിന്തകരയ്ക്കൽ എ.ഒ.**



**വാർഷിക വരിസംഖ്യ ₹ 100/-**

പ്രിന്റിംഗ്:
**വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം. Tel: 2570862**
Email: wigipress@gmail.com



**പ്രോസാങ്ടിറ്റി പബ്ളിക്കേഷൻസ്**
**സ്പിരിച്ച്വാലിറ്റി സെന്റർ**
**മാങ്ങാനം പി. ഒ.**
**കോട്ടയം 686 018**
**ഫോൺ: 9497588192, 0481-2578192**
**Email: psmktm@gmail.com**


## ഉള്ളടക്കം


- സഭ: അരൂപിയിൽ ജീവിക്കുന്ന സമൂഹം 05
- സുവിശേഷ പ്രഘോഷകരാകാം 08
- വചനപ്രഘോഷണവും കാരുണ്യവും 10
- പുരോഹിതർ ഈശോയുടെ പ്രേഷിതർ 12
- മഞ്ഞുതുള്ളി പെയ്തിറങ്ങുമ്പോൾ 15
- വിശുദ്ധിയുടെ മുത്തുകൾക്ക് 18-19
- കൂടെനടക്കുന്നവൻ 20
- വിശുദ്ധരോടൊപ്പം 21
- ഉത്ഥിതനെ തിരിച്ചറിഞ്ഞ വിരലുകൾ 23
- സ്നേഹമുള്ളിടത്താണ് സ്വാതന്ത്ര്യം 25
- യഥാർത്ഥ സ്നേഹം 26
- ജീവിതത്തിലെ ബേത്ഗസകൾ 28
- വേനലിൽ ഒരു മഴ 31
- സെനക്കിൾ തരംഗം 33
- അമ്മയോടൊപ്പം അനുഗ്രഹവഴിയേ 34

# അന്തിമവിജയം സ്വർഗത്തിന്

ഈശോയുടെ മരണത്തോടെ തങ്ങൾ വിജയിച്ചു എന്നു കരുതിയ യഹൂദപ്രമാണികളുടെ ചിന്തകളെ സാധൂകരിക്കുംവിധമായിരുന്നു ഈശോയുടെ മരണത്തിനുശേഷമുള്ള ശിഷ്യജനങ്ങളുടെ ആദ്യപ്രതികരണങ്ങൾ. എന്നാൽ ഉത്ഥിതന്റെ ദർശനങ്ങൾക്കും പരിശുദ്ധാരൂപിയുടെ ആഗമനത്തിനുംശേഷം അത്ഭുതാവഹമായ മാറ്റങ്ങളാണ് അവരിൽ സംഭവിച്ചത്. മരണഭയത്താൽ കർത്താവിനെ തള്ളിപ്പറഞ്ഞ പത്രോസ്, പന്തക്കുസ്തായ്ക്കുശേഷം മറ്റു പതിനൊന്നു ശ്ലീഹന്മാരോടൊപ്പം എഴുന്നേറ്റു നിന്ന് നടത്തിയ പ്രസംഗം സഭയുടെ ജനനത്തിന് കാരണമായി. സത്യം ഒരിക്കലും ഇല്ലാതാകുന്നില്ല. 'വഴിയും സത്യവും ജീവനു'(യോഹ 14,6)മായവനെ ഇല്ലാതാക്കാനുള്ള യഹൂദനേതാക്കന്മാരുടെ ശ്രമം വിജയിച്ചില്ല. തന്നെ അനുഗമിച്ച അനേകായിരങ്ങളിലൂടെ, സഭയിലൂടെ മിശിഹാ ഇന്നും ജീവിക്കുന്നു. പരിശുദ്ധാത്മാവിന്റെ ആഗമനവും, പരിശുദ്ധാത്മശക്തിയാൽ ശ്ലീഹന്മാർ ഈശോയ്ക്കു നല്കിയ സാക്ഷ്യത്തിന്റെയും സുവിശേഷപ്രഘോഷണത്തിന്റെയും ഫലമായി സഭ രൂപംകൊണ്ടതും ധ്യാനവിഷയമാക്കുന്ന ഈ ശ്ലീഹാക്കാലത്തിൽ സത്യത്തിനു സാക്ഷികളായിരിക്കാനുള്ള നമ്മുടെ തീക്ഷ്ണതയും നമുക്കു ചിന്താവിഷയമാക്കാം. ശ്ലീഹന്മാരുടെ അടിത്തറയിൽ പണിതുയർത്തപ്പെട്ടിരിക്കുന്ന സഭയിലെ ശിലകളാണല്ലോ നാമോരോരുത്തരും. തുടക്കംമുതലിന്നോളം സഭയെ തകർക്കാൻ നാരകീയശക്തികൾ പ്രവർത്തിക്കുന്നുണ്ട്. സഭാമക്കളുടെ വിശുദ്ധമായ ജീവിതത്തിന്റെയും സാക്ഷ്യത്തിന്റെയും കുറവും അതിലൊന്നാണ്. എന്നാൽ ദൈവാത്മാവിന്റെ പ്രേരണകൾക്കു വിധേയപ്പെട്ട് ദൈവഹിതപ്രകാരമുള്ള സഭാത്മകജീവിതം നയിക്കുവാൻ നാം തയ്യാറാകുമ്പോൾ സഭയെ തകർക്കാൻ ശ്രമിക്കുന്ന മറ്റു ശക്തികളെ വിശ്വാസത്തോടെ നേരിടാനുള്ള ശക്തി നമുക്കു ലഭിക്കും. പരിശുദ്ധാരൂപിയുടെ ദാനഫലങ്ങൾ നിറഞ്ഞ ജീവിതം കാഴ്ചവച്ചുകൊണ്ട് അരൂപിയുടെ ശക്തി നമുക്കു പ്രകടമാക്കാം. അന്തിമവിജയം സ്വർഗത്തിനാണെന്നുള്ളത് ലോകത്തിനു വെളിപ്പെടുത്തുവാൻ നമ്മുടെ ജീവിതങ്ങൾ കാരണമാകട്ടെ.

**ചീഫ് എഡിറ്റർ**

# സഭ: അരൂപിയിൽ ജീവിക്കുന്ന സമൂഹം

സെനക്കിൾ ആദ്ധ്യാത്മികത - 42

മല്പാൻ ഫാദർ മാത്യു വെള്ളാനിക്കൽ

സെനക്കിളിൽ ഈശോ നല്കിയ അന്ത്യപ്രഭാഷണത്തിൽ പരിശുദ്ധാരൂപിയെക്കുറിച്ച് നാലു പ്രാവശ്യം സംസാരിക്കുന്നുണ്ട്. ആദ്യത്തേത് അരൂപിയെ വാഗ്ദാനം ചെയ്യുന്നതാണ് (യോഹ 14,15-17); മറ്റു മൂന്നു സന്ദർഭങ്ങളിൽ അരൂപിയുടെ പ്രവർത്തനങ്ങളെ പരാമർശിക്കുന്നു (യോഹ 14,26; 15,26-27; 16,7-15). ഇവയിൽനിന്നും സഭയിലുള്ള അരൂപിയുടെ സാന്നിദ്ധ്യവും പ്രവർത്തനങ്ങളും നമുക്കു മനസ്സിലാക്കുവാൻ കഴിയും.





### സഭയും പരിശുദ്ധാരൂപിയും

ഈശോ പറയുന്നു: "ഞാൻ പിതാവിനോട് അപേക്ഷിക്കുകയും എന്നേക്കും നിങ്ങളോടുകൂടെ ആയിരിക്കാൻ മറ്റൊരു സഹായകനെ അവിടുന്നു നിങ്ങൾക്കു തരികയും ചെയ്യും. ഈ സത്യാത്മാവിനെ സ്വീകരിക്കാൻ ലോകത്തിനു സാധിക്കുകയില്ല. കാരണം, അത് അവനെ കാണുകയോ അറിയുകയോ ചെയ്യുന്നില്ല. എന്നാൽ നിങ്ങൾ അവനെ അറിയുന്നു. കാരണം, അവൻ നിങ്ങളോടൊത്തു വസിക്കുന്നു; നിങ്ങളിൽ ആയിരിക്കുകയും ചെയ്യും" (14,16-17). സഭയിലാണ് പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യം ഈശോ വാഗ്ദാനം ചെയ്തിരിക്കുന്നത്. സഭയ്ക്കു പുറമെയുള്ള ലോകത്തിൽ ഈ വിധത്തിലുള്ള പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യമില്ല. അതുകൊണ്ട് സഭയിൽ പരിശുദ്ധാത്മാവിന്റെ പ്രത്യേക സാന്നിദ്ധ്യമുണ്ടെന്നുള്ളതിനു സംശയമില്ല. പന്ത്രണ്ടു ശ്ലീഹന്മാരോടൊപ്പം പ്രാർത്ഥനയിലായിരുന്ന സഭാസമൂഹത്തിലാണല്ലോ പന്തക്കുസ്താദിനത്തിൽ പരിശുദ്ധാത്മാവ് അഗ്നിനാളങ്ങളുടെ രൂപത്തിൽ ഇറങ്ങിവന്നതും (നട 1,14; 2,1-4). പരിശുദ്ധാത്മാവ് പിതാവിൽനിന്നാണ് പുറപ്പെടുന്നതെങ്കിലും

ഉത്ഥിതനായ ഈശോയാണ് പരിശുദ്ധാത്മാവിനെ നല്കുന്നതും അയയ്ക്കുന്നതും (യോഹ 15,26). വി. യോഹന്നാന്റെ സുവിശേഷത്തിൽ ഉത്ഥിതനായ മിശിഹായുടെ നിശ്വസനത്തിലൂടെയാണ് പരിശുദ്ധാത്മാവിനെ നല്കുന്നത് (യോഹ 20,22). അതുകൊണ്ട് സഭയിലുള്ള പരിശുദ്ധാത്മാവ് മിശിഹായുടെ ആത്മാവാണ്. മിശിഹായുടെ ആത്മാവ് സഭയിൽ സന്നിഹിതനായിരിക്കുന്നത് സഭാംഗങ്ങളെ മിശിഹായുടെ സാദൃശ്യത്തോട് അനുരൂപരാക്കാൻവേണ്ടിയാണ്. അപ്രകാരം പരിശുദ്ധാരൂപിയുടെ പ്രവർത്തനഫലമായി മിശിഹായോട് അനുരൂപപ്പെട്ടുകൊണ്ടിരിക്കുന്നവരുടെ സമൂഹമാണ് സഭ.

**സഭ: പരിശുദ്ധാത്മാവിനാൽ പഠിപ്പിക്കപ്പെടുന്നവരുടെ സമൂഹം**



ഈശോ വീണ്ടും പറയുന്നു: "എന്റെ നാമത്തിൽ പിതാവ് അയയ്ക്കുന്ന സഹായകനായ പരിശുദ്ധാത്മാവ് എല്ലാ കാര്യങ്ങളും നിങ്ങളെ പഠിപ്പിക്കുകയും ഞാൻ നിങ്ങളോടു പറഞ്ഞിട്ടുള്ളതെല്ലാം നിങ്ങളെ അനുസ്മരിപ്പിക്കുകയും ചെയ്യും" (യോഹ 14,26). ഈശോയോടുകൂടെയായിരുന്ന ശ്ലീഹന്മാർക്കുപോലും ഈശോ പഠിപ്പിച്ച പല കാര്യങ്ങളും മനസ്സിലാകുന്നത് പന്തക്കുസ്താനുഭവത്തിനുശേഷമാണ്. സഭ വിശ്വാസികളുടെ സമൂഹമാണ്. ഈശോയുടെയും ശ്ലീഹന്മാരുടെയും സുവിശേഷപ്രഘോഷണത്തിനും പ്രബോധനത്തിനും പ്രത്യുത്തരം നല്കിക്കൊണ്ടു ജീവിക്കുന്നതാണല്ലോ വിശ്വാസജീവിതം. അതുകൊണ്ട് വിശ്വാസസത്യങ്ങൾ പഠിക്കേണ്ടവയും ഗ്രഹിക്കേണ്ടവയും പ്രാവർ ത്തികമാക്കേണ്ടവയുമാണ്. ഈ പ്രക്രിയയിൽ പരിശുദ്ധാത്മാവിനു വലിയ സ്ഥാനമുണ്ട്. വചനം ഗ്രഹിക്കുവാനും വിശ്വാസസത്യങ്ങൾ മനസ്സിലാക്കുവാനും നമ്മുടെ ബുദ്ധിയെ പ്രകാശിപ്പിക്കുന്നത് പരിശുദ്ധാത്മാവാണ്. പരിശുദ്ധാത്മാവിന്റെ ഈ പ്രബോധനപ്രക്രിയ മനസ്സിലാക്കി അതിനു വിധേയപ്പെട്ട് ജീവിക്കുന്നവർക്കു മാത്രമേ ശരിയായ വിശ്വാസജീവിതം നയിക്കാനാവൂ.

**സഭ: പരിശുദ്ധാത്മാവിൽ മിശിഹായ്ക്കു സാക്ഷ്യം വഹിക്കുന്ന സമൂഹം**

ഈശോ വീണ്ടും പറഞ്ഞു: "ഞാൻ പിതാവിന്റെ അടുത്തുനിന്ന് അയയ്ക്കുന്ന സഹായകൻ, പിതാവിൽനിന്നും പുറപ്പെടുന്ന ആ സത്യാത്മാവ്, വരുമ്പോൾ അവൻ എന്നെക്കുറിച്ച് സാക്ഷ്യം നല്കും" (യോഹ 15,26). പഠിക്കുന്ന വിശ്വാസം പ്രാവർത്തികമാക്കുവാൻ ബുദ്ധിമുട്ടു സൃഷ്ടിക്കുന്ന പ്രതികൂലസാഹചര്യങ്ങളെ പരാമർശിക്കുന്ന സുവിശേഷഭാഗമാണ് ഇത്. "ലോകം നിങ്ങളെ ദ്വേഷിക്കും" എന്ന് മുന്നറിയിപ്പു നല്കിക്കൊണ്ട് ഈശോ ശിഷ്യന്മാരെ ഉദ്ബോധിപ്പിക്കുന്ന പശ്ചാത്തലത്തിലാണ് അരൂപിയുടെ ഈ പ്രവർത്തനത്തെപ്പറ്റി പറയുന്നത്. ലോകത്തിൽ അനുഭവപ്പെടാവുന്ന എതിർപ്പുകളെ അതിജീവിച്ച് മിശി

ഹായ്ക്കു സാക്ഷ്യംവഹിക്കുവാൻ വിളിക്കപ്പെട്ടവരാണ് ക്രൈസ്തവർ. അതിന് ക്രൈസ്തവരെ ശക്തിപ്പെടുത്തുന്നത് പരിശുദ്ധാത്മാവാണ്. തനിക്കു സാക്ഷികളാകുവാൻ ആഹ്വാനംചെയ്തിട്ട്, ഉന്നതത്തിൽനിന്നു ശക്തി ധരിക്കുന്നതുവരെ നഗരത്തിൽ വസിക്കണമെന്ന് ഈശോ ആവശ്യപ്പെടുന്നുണ്ടല്ലോ (ലൂക്കാ 24,47-49). പരിശുദ്ധാത്മാവിൽ ശക്തി പ്രാപിച്ച് മിശിഹായ്ക്കു സാക്ഷ്യം വഹിക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്നവരുടെ സമൂഹമാണ് സഭ.

**സഭ: പരിശുദ്ധാത്മാവിനാൽ വിശുദ്ധീകരിക്കപ്പെടുന്ന സമൂഹം**

ഈശോ വീണ്ടും പറയുന്നു: "അവൻ (പരിശുദ്ധാത്മാവ്) വന്ന് പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തെ ബോദ്ധ്യപ്പെടുത്തും" (യോഹ 16,8). പാപം ചെയ്യുമ്പോൾ പാപബോധം ഉളവാക്കിയും പാപം ഏറ്റുപറയാൻ പശ്ചാത്താപമുളവാക്കിയും നമ്മെ വിശുദ്ധീകരിക്കുന്ന പരിശുദ്ധാത്മാവിന്റെ പ്രവർത്തനമാണ് ഈ വാക്കുകളിലൂടെ ഈശോ അവതരിപ്പിക്കുന്നത്. സഭ വിശുദ്ധരുടെ കൂട്ടായ്മയാണല്ലോ. "ഈശോമിശിഹായിൽ വിശുദ്ധരായവരും വിശുദ്ധരാകാൻ വിളിക്കപ്പെട്ടവരുമാണ്" സഭാംഗങ്ങൾ (1 കൊറി 1,2). എന്നാൽ പാപബദ്ധമായ മനുഷ്യപ്രകൃതിയുടെ ഉടമകളുമാണ് സഭാംഗങ്ങളെല്ലാവരും. അതുകൊണ്ട് വിശുദ്ധിയിൽ ജീവിക്കണമെങ്കിൽ അവർക്ക് മനുഷ്യപ്രകൃതിക്ക് അതീതമായ ശക്തി ആവശ്യമാണ്. ഈ ശക്തി പ്രദാനം ചെയ്യുന്നത് പരിശുദ്ധനായ ദൈവത്തിന്റെ അരൂപിയാണ്. പരിശുദ്ധാരൂപി വിശുദ്ധിയുടെ അരൂപിയാണ് (റോമാ 1,4). മാമ്മോദീസായിൽ ലഭിക്കുന്ന ഈ അരൂപി നമ്മിൽ വസിച്ചുകൊണ്ട് പാപത്തിൽനിന്നും നമ്മെ പിന്തിരിപ്പിക്കുകയും വിശുദ്ധീകരിക്കുകയും ചെയ്യുന്നു. ഇപ്രകാരം നിരന്തരം അരൂപിയിൽ ജീവിക്കുന്നവരുടെ സമൂഹമാണ് സഭ.



കേരളകത്തോലിക്കാ മെത്രാൻ സമതിയുടെ മാധ്യമകമ്മീഷൻ ഏർപ്പെടുത്തിയ ഗുരുപൂജ പുരസ്കാരത്തിനർഹനായ അപ്പസ്തോലിക് സൊദാലെസ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ജനറൽ ഫാദറും പരമാവധിസ്നേഹത്തിന്റെ പ്രേഷിതകുടുംബത്തിന്റെ സ്ഥാപകഡയറക്ടറുമായ ഞങ്ങളുടെ സ്നേഹബഹുമാനപ്പെട്ട മല്പാൻ മാത്യു വെള്ളാനിക്കലച്ചന് സ്നേഹപൂർവ്വം പ്രാർത്ഥനാശംസകൾ നേരുന്നു.

അപ്പസ്തോലിക് ഒബ്ലേറ്റ്സ്
അപ്പസ്തോലിക് സൊദാലെസ്
സോഷ്യൽ ആനിമേറ്റേഴ്സ്

പ്രതീക്ഷയുടെ പൂമൊട്ടുകൾ

# സുവിശേഷപ്രഘോഷകരാകാം

സ്റ്റെഫി മംഗലത്തുകുന്നേൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്



ഈശോയുടെ സഹനമരണങ്ങളെക്കുറിച്ചു ധ്യാനിച്ച് അവിടുത്തെ ഉത്ഥാനം നൽകുന്ന പ്രത്യാശയിൽ നാം സന്തോഷത്തോടെ ജീവിച്ചു. നൂറ്റാണ്ടുകളുടെ പ്രതീക്ഷ പൂവണിഞ്ഞു– മിശിഹാ വന്നു, സഹനമരണങ്ങളാൽ നമ്മെ വീണ്ടെടുത്തു, ഉത്ഥാനത്താൽ നമ്മെ രക്ഷിച്ചു. ഉത്ഥാനത്തിലൂടെ അവിടുത്തെ ശാശ്വത സമാധാനം നമുക്കു നൽകി. ആ സന്തോഷം നാമനുഭവിക്കുന്നു. പക്ഷേ അതനുഭവിക്കുക മാത്രമല്ല നമ്മുടെ ദൗത്യം. ഇനിയും സന്തോഷമെന്തെന്നുപോലുമറിഞ്ഞിട്ടില്ലാത്ത അനേകർക്ക് അതു കൊടുക്കുകയെന്നതുമാണ്. ഉത്ഥിതന്റെ പ്രത്യാശ നമ്മെ നിഷ്ക്രിയരാക്കുന്നില്ല എന്ന് പന്തക്കുസ്തായ്ക്കു ശേഷമുള്ള ശ്ലീഹന്മാരുടെയനുഭവം നമ്മെ പഠിപ്പിക്കുന്നു. "ഉന്നതത്തിൽ നിന്നു ശക്തി ധരിക്കുന്നതു വരെ നിങ്ങൾ നഗരത്തിൽ തന്നെ വസിക്കുവിൻ" (ലൂക്കാ 24,49) എന്ന മിശിഹായുടെ ആഹ്വാനം ശ്ലീഹന്മാർ അക്ഷരം പ്രതി അനുസരിച്ചു. പ്രാർത്ഥന അവരെ ശക്തിപ്പെടുത്തി എന്നതിനു തെളിവാണല്ലോ പന്തക്കുസ്താനുഭവം. ആദ്യ ദിനം തന്നെ മൂവായിരത്തോളം ആളുകൾ അവരോടു ചേർന്നു (നട 2,41) എന്ന് വി.ഗ്രന്ഥം സാക്ഷിക്കുന്നു.

ഉത്ഥാനസന്തോഷം നമുക്കു നൽകുന്ന നിർവൃതിയും പ്രത്യാശയും നമ്മിലൂടെ മറ്റുള്ള വർക്ക് കൈമാറേണ്ടതാണ്. ഇത് വൈദികരുടെയോ കന്യാസ്ത്രീകളുടെയോ മറ്റ് സുവിശേഷ പ്രഘോ ഷകരുടെയോ മാത്രം ദൗത്യമല്ല. മാമ്മോദീസ സ്വീകരിച്ച് ക്രൈസ്തവരായിത്തീർന്ന നാമോരോ രുത്തരുടെയും ദൗത്യമാണ്. മറ്റുള്ളവർക്കു കൊടു ക്കേണ്ടതിനായി ഈ സമാധാനം നമ്മുടെ ജീവി തത്തിൽ നാമനുഭവിക്കുകയും പരി. ആത്മാവിൽ ശക്തി പ്രാപിക്കുകയും വേണം.

അതുവരെ തങ്ങൾ ആരെ ഭയപ്പെട്ടിരു ന്നുവോ ആ യഹൂദരുടെ ഇടയിലേക്ക് അവർ സുവിശേഷവുമായി കടന്നുചെന്നു. ഈശോയെ പ്രഘോഷിക്കുന്നതിൽ നിന്ന് യാതൊന്നും അവരെ തടസ്സപ്പെടുത്തിയില്ല. നമ്മുടെ ദൗത്യനിർവ്വഹണ ത്തിലും യാതൊന്നും നമ്മെ തടസ്സപ്പെടുത്താതി രിക്കാൻ നമുക്കു പ്രാർത്ഥനയിൽ ശക്തി പ്രാപിക്കാം. അതിനുശേഷം ജീവിതത്തിലേ ക്കിറങ്ങാം.

ആയിരിക്കുന്ന സാഹചര്യങ്ങളിൽ– കുടും ബത്തിൽ, ജോലിസ്ഥലങ്ങളിൽ– ഈശോയെ കൊടുക്കാൻ എങ്ങനെ കഴിയും? കൂടെയുള്ള ഓരോരുത്തർക്കും ആത്മാർത്ഥമായി ഒരു പുഞ്ചിരി കൊടുക്കാൻ കഴിഞ്ഞാൽ അതൊരു വലിയ പ്രേഷിതപ്രവർത്തനമാണ്. അതു നമുക്കിഷ്ടമില്ലാ ത്തവരുടെയും നമ്മെ വേദനിപ്പിച്ചവരുടെയും നേർക്കാകുമ്പോൾ ഇരട്ടി പുണ്യമാണുണ്ടാവുക. സ്വർഗ്ഗത്തിലെ ഭവനത്തിൽ നമുക്കായി ഒരു കല്ല് കൂടുതൽ വയ്ക്കപ്പെട്ടിരിക്കും.

ഈശോ ചോദിക്കുന്നുണ്ട്, നിങ്ങളെ സ്നേഹിക്കുന്നവരെ മാത്രം നിങ്ങൾ സ്നേഹി ച്ചാൽ നിങ്ങൾക്കെന്തു പ്രതിഫലമാണു ലഭിക്കുക? ചുങ്കക്കാർ പോലും അതുതന്നെ ചെയ്യുന്നില്ലേ? (മത്താ 5,46). ദൈവസ്നേഹത്തിന്റെ ഊഷ്മാവള ക്കുന്ന തെർമോമീറ്റർ സഹോദരങ്ങളോടുള്ള സ്നേഹമാണെന്ന് ദൈവദാസൻ വില്യം ജക്വീൻതാ പിതാവു പഠിപ്പിക്കുന്നു. സഹോദര ങ്ങളെ സ്നേഹിക്കാൻ വലിയ വലിയ കാര്യങ്ങ ളൊന്നും തേടിപ്പോകേണ്ട ആവശ്യമില്ല. പറയുന്ന തിനു വിപരീതം മാത്രം പ്രവർത്തിക്കുന്ന മക്കളും സ്വസ്ഥത തരാത്ത മാതാപിതാക്കളും ദിവസം മുഴു വനും കുത്തിവീർത്ത മുഖവുമായിരിക്കുന്ന കുടുംബാംഗങ്ങളും തിന്മ മാത്രം പ്രവർത്തിക്കുന്ന അയൽക്കാരും ഒക്കെ നാം സ്നേഹിക്കേണ്ടതി നായി ദൈവം തന്നവരാണ്. അവരെയും നാം സ്നേഹിക്കേണ്ടതുണ്ട്. അപ്പോൾ ആർക്കും സ്നേഹിക്കാനാവാത്തവരെ സ്നേഹിച്ചു എന്ന പുണ്യം ഒരുപക്ഷേ നമ്മുടെ പാപകടങ്ങൾ മോചി ക്കുന്നതിനു കാരണമായേക്കാം.

ഇസ്രായേലിലെ പ്രതാപവാനായ രാജാവാ യിരുന്നു ദാവീദ്. തനിക്കെതിരെ വിപ്ലവവുമായി വരുന്ന തന്റെ പ്രിയമകനിൽ നിന്ന് രക്ഷപെട്ടോടുന്ന ദാവീദുരാജാവിന്റെ കഥ സാമുവലിന്റെ രണ്ടാം പുസ്തകത്തിൽ നാം വായിക്കുന്നുണ്ട്. ആ സമ യത്ത് ഷിമെയി എന്നൊരു ബഞ്ചമിൻ വംശജൻ ദാവീദുരാജാവിനെതിരെ ശാപവാക്കുകൾ ഉച്ചരിച്ചു കൊണ്ട് രാജാവിന്റെയും കൂട്ടാളികളുടെയും നേർക്ക് കല്ലെറിയാൻ തുടങ്ങി. ഷിമെയിയുടെ തലവെട്ടാൻ അനുവാദം ചോദിച്ച തന്റെ അനുചരന്മാരോടു ദാവീദു പറയുന്ന വാക്യങ്ങൾ മനോഹരമാണ്. ദാവീദു പറയുന്നു:"...കർത്താവു കൽപിച്ചിട്ടാണ് അവനതു ചെയ്യുന്നതെങ്കിൽ അരുതെന്നു പറയു വാൻ ആർക്കു കഴിയും?... അവൻ ശപിക്കട്ടെ. കർത്താവു കൽപിച്ചതു കൊണ്ടത്രേ അവൻ ശപി ക്കുന്നത്. കർത്താവ് എന്റെ കഷ്ടത കണ്ട് അവന്റെ ശാപത്തിനു പകരം എന്നെ അനുഗ്രഹിച്ചേക്കും" (2 സാമു 16,10–12). ദാവീദിന്റെ ജീവിതത്തെ ദൈവം എപ്രകാരം ഉയർത്തിയെന്ന് വി.ഗ്രന്ഥത്തിലൂടെ നമുക്കു കാണാനാവും.

ഇപ്രകാരം അനുദിന ജീവിതത്തിലെ നിസ്സാര അനുഭവങ്ങളെ ദൈവസ്നേഹത്തിന്റെ അനുഭവമായി കരുതി നമുക്കു വിശുദ്ധരാകാം. ദൈവം നൽകുന്ന ഓരോ അനുഭവങ്ങളും പാഴാ ക്കിക്കളയാതെ അതെല്ലാം നിത്യജീവിതത്തിന് മുതൽക്കൂട്ടായി നമുക്ക് മാറ്റാം.

പ്രതീക്ഷയുടെ പൂമൊട്ടുകൾ

# വചനപ്രഘോഷണവും കാരുണ്യാനുഭവവും



ഡോ. സെബാസ്റ്റ്യൻ തുണ്ടത്തിക്കുന്നേൽ വി.സി.
സുപ്പീരിയർ ജനറാൽ, ഇടപ്പള്ളി

**"കാ**രുണ്യവും കഷ്ടതയും" എന്ന അപ്പസ്തോലിക ലേഖനത്തിൽ ഫ്രാൻസിസ് മാർപാപ്പ പ്രത്യേക പ്രാധാന്യം നൽകി വിശദീകരിക്കുന്ന ഒരു കാര്യമാണ് വചനപ്രഘോഷണം. ദൈവവും അവിടുത്തെ ജനവും തമ്മിലുള്ള ഒരു യഥാർത്ഥസംഭാഷണത്തിന് സാക്ഷ്യം വഹിക്കുന്ന വേദിയായിട്ടാണ് പാപ്പ ദിവ്യബലി മധ്യേയുള്ള വചനപ്രഘോഷണത്തെ കാണുന്നത്. ദൈവത്തിന്റെ അക്ഷീണമായ കാരുണ്യപ്രവർത്തനമാണ് ഇവിടെ പ്രഘോഷിക്കേണ്ടത്. നാം രക്ഷയുടെ ചരിത്രത്തിലേക്ക് മടങ്ങിപ്പോവുകയും, ഒരു സ്നേഹിതനോടെന്നപോലെ കർത്താവു നമ്മോടു സംസാരിക്കുന്നത് ശ്രവിക്കുകയും വേണം. അതിനാൽ സത്യത്തെ, സൗന്ദര്യവും നന്മയുമായി ബന്ധിപ്പിക്കുന്ന അവസരമാകണം വചനപ്രഘോഷണം.

"കാരുണ്യത്തിന്റെ മഹിമയ്ക്കുമുമ്പിൽ വിശ്വാസികളുടെ ഹൃദയങ്ങൾ പുളകിതമാകത്തക്കവണ്ണമായിരിക്കണം വചനപ്രഘോഷണം" (നമ്പർ.6). ഒരു പുരോഹിതന്റെ പ്രസംഗം ഫലപ്രദമായിത്തീരുന്നത് കർത്താവിന്റെ കാരുണ്യപൂർവമായ നന്മ സ്വയം അനുഭവിക്കുമ്പോഴാണ്. വാഗ്വൈഭവത്തിലുള്ള ഒരു അഭ്യാസമല്ല, ദൈവം നമ്മെ സ്നേഹിക്കുന്നു എന്ന സുനിശ്ചിതത്വം അറിയിക്കുകയാണ് വചനപ്രഘോഷണത്തിലൂടെ ചെയ്യേണ്ടത്. അതുവഴിയായി ആശ്വാസത്തിന്റെയും മാനസാന്തരത്തിന്റെയും കാരുണ്യത്തിന്റെയും വ്യക്തിപരമായ അനുഭവമാണ് വിശ്വാസികളിൽ ഉത്ഭൂതമാക്കേണ്ടത്.

അന്റോണിയോ സ്പദാരോ എന്ന ഈശോസഭാവൈദികൻ ഫ്രാൻസിസ് മാർപാപ്പായെപ്പറ്റി തയ്യാറാക്കിയിരിക്കുന്ന 1000 പേജുള്ള പുസ്തകമാണ് "നിന്റെ കണ്ണുകളിൽ എന്റെ വചനം". അതിൽ, താൻ പ്രസംഗം ഒരുങ്ങുന്ന രീതി മാർപാപ്പ ഇപ്രകാരം വിവരിക്കുന്നു: "തലേദിവസം ഉച്ചമുതലേ ഒരുക്കം തുടങ്ങും. ആദ്യം സുവിശേഷഭാഗം ഞാൻ തന്നെ ഒന്ന് ഉറക്കെ വായിക്കും.

അപ്പോൾ എന്റെ ഹൃദയത്തെ സ്പർശിക്കുന്ന വചനങ്ങളും വാക്കുകളും ഞാൻ എന്റെ ഡയറിയിൽ കുറിച്ചുവയ്ക്കും. അതിനുശേഷം ആ ദിവസം മുഴുവനും, മറ്റ് ജോലിക്കിടയിൽ, ഞാനാവചനങ്ങളെക്കുറിച്ച് ചിന്തിച്ചുകൊണ്ടിരിക്കും. ചില ദിവസങ്ങളിൽ വൈകുന്നേരമായാലും ഒരു പുതിയ ചിന്തയും കിട്ടിയെന്നു വരില്ല. അപ്പോൾ ഞാൻ വി. ഇഗ്നേഷ്യസിന്റെ നിർദ്ദേശം അനുസരിക്കും. സുവിശേഷ ഭാഗം ഓർത്തുകൊണ്ട് ഞാൻ ഉറങ്ങാൻ കിടക്കും. രാവിലെ എഴുന്നേല്ക്കുമ്പോൾ പുതിയ ഒരു ചിന്ത മനസ്സിലുദിച്ചിരിക്കും".

2017-ലെ നോമ്പുകാല സന്ദേശത്തിൽ മാർപാപ്പാ എഴുതുന്നു: "നമ്മൾ ദൈവവചനമാകുന്ന ദാനത്തിനെതിരെ ഹൃദയവാതിൽ അടയ്ക്കുമ്പോൾ നമ്മുടെ സഹോദരീസഹോദരന്മാരാകുന്ന ദാനത്തിനെതിരെ ഹൃദയവാതിൽ അടയ്ക്കുകയാണ്". അതിനാൽ ഫലപ്രദമായ സുവിശേഷപ്രഘോഷണത്തിന്, സുവിശേഷത്തോടൊപ്പം ദൈവജനത്തെയും ശ്രവിക്കണം. ജനങ്ങളുടെ ജീവിതവും ജീവിതപ്രശ്നങ്ങളുമായി അടുത്ത ബന്ധമുണ്ടെങ്കിൽ മാത്രമേ ജീവിതബന്ധിയായി പ്രസംഗിക്കാൻ കഴിയൂ.

ദൈവത്തിന്റെ കാരുണ്യമാണ് ബൈബിളിൽ ഉടനീളം നമുക്കു കാണാൻ കഴിയുന്നത്. ഈ കാരുണ്യമാണ് നാം ശ്രവിക്കേണ്ടതും പ്രഘോഷിക്കേണ്ടതും. അതിനാൽ മാർപാപ്പ പ്രസ്താവിക്കുന്നു: "ദൈവസ്നേഹത്തിന്റെ രഹസ്യം എക്കാലത്തേയുംകാൾ കൂടുതൽ നന്നായി മനസ്സിലാക്കിപ്പെടത്തക്കവണ്ണം ദൈവവചനം വലിയ തോതിൽ പ്രകീർത്തിക്കപ്പെടുകയും അറിയപ്പെടുകയും പ്രചരിപ്പിക്കപ്പെടുകയും ചെയ്യണമെന്ന് ഞാൻ അത്യധികം ആഗ്രഹിക്കുന്നു" (നമ്പർ 7).

അതിനാൽ വിശുദ്ധ ലിഖിതങ്ങൾ കൂടുതൽ നന്നായി അറിയുവാനും പ്രചരിപ്പിക്കുവാനും നമുക്കു പരിശ്രമിക്കാം. ഈ ലക്ഷ്യത്തോടെ വിശുദ്ധ ഗ്രന്ഥം പ്രാർത്ഥനാപൂർവം പാരായണം ചെയ്യുവാനും, നമ്മുടെ ആത്മീയജീവിതത്തെ പരിപോഷിപ്പിക്കുവാനും, ദൈവത്തിന്റെ കരുണ വ്യക്തിപരമായി അനുഭവിക്കുവാനും നമുക്കു കഴിയട്ടെ!

## ദൈവദാസൻ വില്യം ജക്വീൻതാ പിതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന

സ്നേഹം തന്നെയായ ദൈവമേ/സകല നന്മകളുടേയും ദാതാവായ പിതാവേ/രക്ഷകനായ മിശിഹായേ/വിശുദ്ധിയുടെ അരൂപിയേ/മനുഷ്യകുലത്തോടുള്ള അവിടുത്തെ അനന്തമായ സ്നേഹത്താൽ/വിശുദ്ധിയിലേക്കുള്ള ക്ഷണം അങ്ങ് നിരന്തരം ആവർത്തിച്ചുകൊണ്ടിരിക്കുന്നുവല്ലോ./ അവിടുത്തെ ദാനങ്ങൾ/ദൈവദാസനായ വില്യം ജക്വീന്താ പിതാവിൽ വിളങ്ങി പ്രശോഭിക്കുവാൻ ഇടയാക്കിയതിനെ ഓർത്ത്/ഞങ്ങൾ അങ്ങേയ്ക്കു നന്ദി പറയുന്നു./അദ്ദേഹം അവിടുത്തെ പുത്രന്റെ അളവറ്റ സ്നേഹം ധ്യാനിക്കുകയും/വിശുദ്ധിയിലേക്കുള്ള സാർവ്വത്രിക വിളിയുടെ അക്ഷീണ പ്രേഷിതനാവുകയും ചെയ്തുവല്ലോ./അങ്ങ് തിരുമനസ്സാകുന്നുവെങ്കിൽ/അദ്ദേഹത്തിൽ അവിടുത്തെ മഹത്ത്വം വെളിപ്പെടുത്തണമെന്നും അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥ്യം വഴിയായി ഞങ്ങൾ അപേക്ഷിക്കുന്ന ഈ കൃപ/....................ഞങ്ങൾക്കു നൽകണമെന്നും അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ.

**പ്രാർത്ഥന ആവശ്യപ്പെടാനും ലഭിച്ച അനുഗ്രഹങ്ങൾ സാക്ഷ്യപ്പെടുത്താനും അന്വേഷണങ്ങൾക്കും**

**Apostolic Oblates**
Spirituality Centre,
Manganam P.O.,
Kottayam - 686 018
Tel. 0481-2578192

പ്രതീക്ഷയുടെ പൂമൊട്ടുകൾ

# പുരോഹിതർ ഈശോയുടെ പ്രേഷിതർ



**ഡോ. തോമസ് പൂവത്താനിക്കുന്നേൽ**
റെക്ടർ, മേരിമാതാ മൈനർ സെമിനാരി, കാഞ്ഞിരപ്പള്ളി

ഉയിർപ്പിനുശേഷം മിശിഹാ ശിഷ്യന്മാർക്കു പ്രത്യക്ഷപ്പെട്ട് ലോകമെങ്ങും പോയി സുവിശേഷം പ്രസംഗിക്കാൻ അവരെ ഒരുക്കി. പന്തക്കുസ്താദിനത്തിൽ പരിശുദ്ധാത്മാവിനെ സ്വീകരിച്ച ശിഷ്യന്മാരുടെ സുവിശേഷപ്രഘോഷണമാണ് ആദിമസഭയ്ക്ക് രൂപംനല്കിയത്. ശ്ലൈഹികശുശ്രൂഷയുടെ തുടർച്ചയാണ് പൗരോഹിത്യശുശ്രൂഷ. പരിശുദ്ധ കുർബാനയിലെ കൈവയ്പു പ്രാർത്ഥനയിൽ നാം ഇപ്രകാരം കാണുന്നു. "പരിശുദ്ധാത്മാവിന്റെ കൃപാവരത്താൽ യഥാർത്ഥ പൗരോഹിത്യത്തിന്റെ പദവികൾ കൈവയ്പുവഴി നല്കപ്പെട്ടു. വിശ്വാസികൾക്ക് ആത്മീയശുശ്രൂഷ ചെയ്യുന്നതിന് പരിശുദ്ധമായ സഭാശരീരത്തിലെ സവിശേഷാംഗങ്ങളാകുവാൻ നിസ്സാരരും ബലഹീനരുമായ ഞങ്ങളെ അങ്ങ് കാരുണ്യാതിരേകത്താൽ യോഗ്യരാക്കി". പൗരോഹിത്യം നിസ്സാരരായ മനുഷ്യരെ വിശ്വാസികളുടെ ആത്മീയശുശ്രൂഷയ്ക്കായി പരിശുദ്ധാത്മാവിന്റെ കൃപാവരത്താൽ സഭയിലെ സവിശേഷാംഗങ്ങളാക്കിത്തീർക്കുന്ന ദിവ്യരഹസ്യമാണ്.

ഇതാകട്ടെ, അവിടുത്തെ ദാനങ്ങൾ അവരുടെ കരങ്ങൾ വഴി വർഷിക്കുന്നതിനും അവിടുത്തെ കാരുണ്യവും അനുഗ്രഹവും

അവരുടെമേലും അവിടുന്നു തിരഞ്ഞെടുത്ത ജനത്തിന്റെമേലും ഉണ്ടാകുന്നതിനും വേണ്ടിയാണ്. മോശയെപ്പോലെ പ്രത്യേകമായി വിളിക്കപ്പെടുകയും അഹറോനെപ്പോലെ തിരഞ്ഞെടുക്കപ്പെടുകയും ശ്ലീഹന്മാരെപ്പോലെ വേർതിരിക്കപ്പെടുകയും ചെയ്യുന്നവർക്കു മാത്രമേ മഹോന്നതമായ ഈ ദാനം ലഭിക്കുകയുള്ളു.

**ആരാണ് പുരോഹിതൻ?**

ഒരു പുരോഹിതനെ നിർവചിക്കാനോ പുരോഹിതശുശ്രൂഷയുടെ മാഹാത്മ്യത്തെ വർണ്ണിക്കാനോ അത്ര എളുപ്പമല്ല. സഭാപിതാക്കന്മാരും ആത്മീയഗുരുക്കന്മാരും പൗരോഹിത്യത്തെക്കുറിച്ച് ഏറെ ധ്യാനാത്മകമായി എഴുതിയിട്ടുണ്ട്, പഠിപ്പിച്ചിട്ടുണ്ട്. പുരോഹിതർ പഠിക്കാത്ത വിഷയങ്ങൾ, ചെയ്യാത്ത ജോലികൾ എല്ലാം വിരളം. ഡോക്ടേഴ്സ്, എഞ്ചിനീയേഴ്സ്, ശാസ്ത്രജ്ഞന്മാർ, അദ്ധ്യാപകർ, ഉപദേശകർ, സാമൂഹികരാഷ്ട്രീയപ്രവർത്തകർ തുടങ്ങി ഇന്ന് പൗരോഹിത്യശുശ്രൂഷ ചെന്നെത്താത്ത മേഖലകളില്ല. ആകയാൽ പുരോഹിതൻ ഇന്നു ചെയ്യുന്ന ശുശ്രൂഷയുടെ പശ്ചാത്തലത്തിൽ പുരോഹിതന്റെ ജീവിതത്തെയോ അവരുടെ മഹത്ത്വത്തെയോ പൗരോഹിത്യരഹസ്യത്തെയോ മനസ്സിലാക്കാനാവില്ല.

**പൗരോഹിത്യം: ശ്ലൈഹികശുശ്രൂഷ**

പൗരോഹിത്യം ആത്യന്തികമായി ശ്ലൈഹികശുശ്രൂഷയാണ്. പൗരോഹിത്യ പട്ടക്രമവും തിരുവചനവും അതു വ്യക്തമാക്കുന്നുണ്ട്. പട്ടക്രമത്തെ കൈവയ്പുശുശ്രൂഷയെന്നാണ് വിശേഷിപ്പിക്കുന്നത്. കൈവയ്പ് ശ്ലീഹന്മാരുടെ ശുശ്രൂഷയും അവരുടെ ശുശ്രൂഷയിൽ മറ്റുള്ളവരെ പങ്കാളികളാക്കുന്ന ശുശ്രൂഷയുമാണ്. വി. പൗലോസ്ശ്ലീഹാ എഴുതുന്നു: "മിശിഹായുടെ ദാസന്മാരും ദൈവരഹസ്യങ്ങളുടെ കാര്യസ്ഥന്മാരുമായിട്ടാണ് ഞങ്ങളെ പരിഗണിക്കേണ്ടത്" (1 കൊറി 4,1). കാര്യസ്ഥന്മാർക്കു വിശ്വസ്തതകൂടിയേ തീരൂ. പട്ടംകൊടുക്കുന്ന ശുശ്രൂഷയിൽ രണ്ട് ഗ്ഹാന്താകൾ ഉള്ളത് കൈവയ്പുപ്രാർത്ഥനകൾ എന്നറിയപ്പെടുന്നു. ഉന്നതങ്ങളിൽനിന്നു പരിശുദ്ധ റൂഹായേ ഇറങ്ങിവരണമേ എന്ന യാചനയോടെ കാർമ്മികൻ ഇടതുകരം നീട്ടിപിടിക്കുന്നു. പരിശുദ്ധ റൂഹാ പൗരോഹിത്യം ഇയാൾക്കു നല്കട്ടെ എന്നു സൂചിപ്പിച്ചുകൊണ്ട് വലതുകരം പൗരോഹിത്യാർത്ഥിയുടെമേൽ വയ്ക്കുന്നു.

പരിശുദ്ധാത്മാവിന്റെ ശക്തിയാലാണ് മറിയത്തിൽ ദൈവവചനം മാംസം ധരിച്ചത്. വചനത്തിന്റെ സംവാഹകനാകുവാൻ, വചനത്തിന്റെ മനുഷ്യനാകുവാൻ പരിശുദ്ധാത്മാവിറങ്ങിവന്ന് പൗരോഹിത്യാർത്ഥിയെ രൂപാന്തരപ്പെടുത്തുന്ന റൂഹാക്ഷണപ്രാർത്ഥനകളും ശ്ലൈഹികാധികാരം നല്കുന്ന കൈവയ്പുകർമ്മവുമാണ് തിരുപ്പട്ട കൂദാശാകർമ്മത്തിലെ പ്രധാനഭാഗം. തിരുപ്പട്ടശുശ്രൂഷയുടെ ഉത്തരവാദിത്വങ്ങളും മഹത്ത്വവും എടുത്തുപറഞ്ഞ് അവയുടെ പൂർത്തീകരണത്തിനാവ



ശ്യമായ ദൈവികദാനങ്ങൾ റൂഹാദ്ക്കുദ്ശാ യുടെ ആവാസത്താൽ ചൊരിയപ്പെടുവാൻ സഭ പ്രാർത്ഥിക്കുന്നു. ദൈവികദാനങ്ങൾ വർഷിക്കപ്പെടുന്ന റൂഹായുടെ ആവാസ ത്താൽ സംഭവിക്കുന്ന അത്ഭുതമാണ് തിരു പ്പട്ടം.

**റൂഹാക്ഷണം**

മോശയെ കർത്താവ് ഇടയനായി നിയോ ഗിച്ചത് അഗ്നിയുടെ സവിധേ അവന്റെ പാദ രക്ഷകൾ അഴിച്ചുമാറ്റി പരിശുദ്ധ സ്ഥലത്ത് പദമൂന്നിയപ്പോഴാണ്. പ്രവാചകനായ ഏശയ്യാ അയയ്ക്കപ്പെടുന്നത് ബലിപീഠ ത്തിൽനിന്ന് ദൈവദൂതന്മാർ കൊണ്ടുവന്ന തീക്കട്ടകൊണ്ട് ശുദ്ധി ചെയ്യപ്പെട്ടശേഷമാണ്. ദൈവജനം വാഗ്ദത്ത ഭൂമിയിലേക്കു നയി ക്കപ്പെടുമ്പോൾ സ്വർഗത്തിൽനിന്നും ഇറ ങ്ങിയ അഗ്നിസ്തംഭത്തിന്റെ സംരക്ഷണമു ണ്ടായി. ശ്ലീഹന്മാർ ശുശ്രൂഷ ആരംഭിക്കുന്നത് അഗ്നിനാവായി അവരുടെമേൽ ആവസിച്ച റൂഹാദ്ക്കുദ്ശായുടെ അഭിഷേകത്താലാണ്. മോശയെപ്പോലെ ഇടയരും ഏശയ്യായെ പ്പോലെ പ്രവാചകരും ശ്ലീഹന്മാരുടെ പിൻഗാ മികളുമെന്ന നിലയിൽ പട്ടക്കാർ പരിശുദ്ധാ ത്മാവായ അഗ്നിഅഭിഷേകത്താലാണ് അയ യ്ക്കപ്പെടുന്നത്.

ഉന്നതങ്ങളിൽനിന്നും ശക്തിപ്രാപിക്കു ന്നതുവരെ ദൈവഭവനമായ ജറുസലേം വിട്ടു പോകരുത് എന്ന് ഉത്ഥിതൻ ശ്ലീഹന്മാർക്കു നിർദ്ദേശം നല്കി. പന്തക്കുസ്താദിനത്തിൽ പ്രാർത്ഥനാനിരതരായിരുന്ന ശ്ലീഹന്മാരോ ടൊപ്പം ജറുസലേമിലുണ്ടായിരുന്ന ഭക്തരായ ജനങ്ങളെപ്പോലെ, പട്ടശുശ്രൂഷയിൽ ആരാ ധനാസമൂഹം ഒന്നുചേർന്ന് റൂഹായുടെ നവ്യമായ അഭിഷേകത്തിനായി, നവപന്തക്കു സ്തായുടെ അനുഭവത്തിനായി ഏകസ്വര ത്തിൽ ഉള്ളുരുകി പ്രാർത്ഥിക്കേണ്ടതുണ്ട്.

**വേർതിരിക്കപ്പെട്ടവർ**

ശ്ലീഹന്മാർ ദൈവജനത്തിൽനിന്ന് വേർതിരിക്കപ്പെട്ടവരാണ്. വേർതിരിക്കപ്പെട്ട താകട്ടെ വ്യക്തമായ ലക്ഷ്യത്തോടെയാണ്. വേർതിരിച്ചു വിളിച്ചത് ദൈവപുത്രനായ ഈശോയാണ്. പ്രാർത്ഥനയിൽ പിതാവായ ദൈവത്തോടുകൂടെ ആയിരുന്നതിനുശേഷ മാണ് ഈ വിളിയും വേർതിരിക്കലും പരി ശീലനവും ഒടുവിൽ നിയോഗിക്കലും നിർവ ഹിച്ചത്. തിരുവചനഭാഗങ്ങൾ (മർക്കോ 3,14 -15; ലൂക്കാ 6,12) സൂചിപ്പിക്കുന്നതുപോലെ പുരോഹിതൻ മലമുകളിലേക്കു വിളിക്കപ്പെ ട്ടവനാണ്. അതിനർത്ഥമെന്തെന്ന് വിശുദ്ധഗ്ര ന്ഥത്തിലൂടെ ഒന്നു കണ്ണോടിച്ചാൽ വ്യക്ത മാകും. അബ്രാഹത്തെ ഇസഹാക്കിനെയു മായി മോറിയ മലമുകളിലേക്ക് ബലിയർപ്പ ണത്തിനായി ദൈവം അയച്ചു (ഉല്പ 22). മോശ സീനായ് മലമുകളിലേക്ക് ദൈവ-മ നുഷ്യ ഉടമ്പടി കല്പനകളുടെ ഫലകം സ്വീകരിക്കുവാൻ വിളിക്കപ്പെട്ടു (പുറ 19). ഏലിയാപ്രവാചകൻ ബേർഷബാ മരുഭൂമിയി ലൂടെ ദൈവദൂതൻ കൊടുത്ത അപ്പവും ജലവും സ്വീകരിച്ച് കർത്താവിന്റെ മലയായ ഹോറെബിന്റെ മുകളിൽ സൈന്യങ്ങളുടെ കർത്താവിന്റെ സാന്നിധ്യാനുഭവത്താൽ ജ്വലി ച്ചു. അബ്രാഹത്തെപ്പോലെ വിശ്വാസത്തോടെ ബലിയർപ്പിക്കാനും മോശയെപ്പോലെ ദൈവ ജനത്തിന്റെ മദ്ധ്യസ്ഥനായി ദൈവ-മനുഷ്യ ബന്ധം സ്ഥാപിക്കാനും നിലനിർത്താനും അങ്ങനെ അനുരഞ്ജനത്തിന്റെ ശുശ്രൂഷക നാകാനും ഏലിയായുടെ തീക്ഷ്ണതയോടെ ദൈവവചനത്തിന്റെ പ്രവാചകശബ്ദമാ കാനും പുരോഹിതൻ നിയുക്തനാണ്.

# മഞ്ഞുതുള്ളി പെയ്തിറങ്ങുമ്പോൾ ...



ജിസ കൂട്ടിയാനിക്കൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**ഈ** കഴിഞ്ഞ വേനൽക്കാലത്തെ ഒരു കൊച്ചുകാഴ്ച ഏറെ ചിന്തനീയമായിരുന്നു. പകലിന്റെ അത്യുഗ്രമായ ചൂടിൽ വാടിത്തളർന്ന തോട്ടത്തിലെ കുറെ കൊച്ചുചെടികൾ. അല്പദിവസങ്ങൾക്കുശേഷം അവ കരിഞ്ഞുണങ്ങുമെന്നുറപ്പ്. ജലദൗർലഭ്യംമൂലം അല്പം പോലും വെള്ളമൊഴിച്ചു കൊടുക്കാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ പിറ്റേ പ്രഭാതത്തിലെ കാഴ്ച അദ്ഭുതപ്പെടുത്തുന്നതായിരുന്നു. ക്ഷീണിച്ച് തല കുമ്പിട്ടിരുന്ന ചെടികളെല്ലാം ഊർജ്ജസ്വലതയോടെ തലയാട്ടി നില്ക്കുന്നു. തലേദിവസത്തെ തളർച്ചയോ, ക്ഷീണമോ അവയ്ക്കില്ല. അതു മാത്രമല്ല എല്ലാ ഇലകളുടെയും അഗ്രത്തിൽ ഒരോ തുള്ളി ജലവും. രാത്രി മഞ്ഞിന്റെ അദ്ഭുതപ്രതിഭാസം. സസ്യജാലങ്ങളെ നവീകരിക്കാൻ ദൈവം ഒരുക്കിയിരിക്കുന്ന പ്രകൃതിദത്തമായ മാർഗ്ഗമാണീ തുഷാരബിന്ദുക്കൾ. ഇലകളെ മുഴുവൻ കഴുകി വെടിപ്പാക്കി, അവയിലെ പൊടിപടലങ്ങൾ മാറ്റി, അടഞ്ഞുപോയ സൂക്ഷ്മസുഷിരങ്ങൾ തുറന്ന് നാളത്തെ ചൂടിന്റെ കഠിനതയെ നേരിടുവാനുള്ള ശക്തി ഈ മഞ്ഞുതുള്ളികൾ പ്രദാനം ചെയ്യുകയാണ്.

സസ്യങ്ങൾക്ക് തുഷാരബിന്ദുക്കൾ എന്നപോലെ, ദൈവം തന്റെ പ്രിയപ്പെട്ട മക്കളെ നവീകരിക്കുന്നതും അവർക്ക് പുതുജീവൻ നല്കുന്നതും തന്റെ പരിശുദ്ധാത്മാവിലൂടെയാണ്. “അവിടുന്ന് ഭൂമിയെ സന്ദർശിച്ച് അതിനെ നനയ്ക്കുന്നു അങ്ങ് അതിനെ അത്യ


ധികം ഫലപുഷ്ടമാക്കുന്നു"(സങ്കീ 65, 9). ദൈവം നമുക്കുവേണ്ടി ഒരുക്കുന്ന ഈ മഞ്ഞു വീഴ്ചകളെ ഏറ്റുവാങ്ങാൻ മടിക്കുന്നതാണ് നമ്മുടെ ജീവിതങ്ങൾ പുതുമയില്ലാതെയും നവീകരിക്കപ്പെടാതെയും പോകുവാൻ കാരണം. "കർത്താവേ അങ്ങയുടെ അരൂപിയെ അയയ്ക്കുക, അപ്പോൾ സകലതും സൃഷ്ടിക്കപ്പെടും. ഭൂമുഖം നവീകരിക്കപ്പെടുകയും ചെയ്യും".

രാത്രി ശാന്തതയാണ്, നിശബ്ദതയാണ്. ജീവിതത്തിന്റെ ബഹളങ്ങളിൽ നിന്നുള്ള അകന്നുപോകലാണ്. അവിടെയാണ് മഞ്ഞിന്റെ കുളിർമ സസ്യങ്ങൾ അനുഭവിച്ചറിയുക. ഇതുപോലെ ജീവിതബഹളങ്ങൾക്കിടയിൽ, തിരക്കുകൾക്കിടയിൽ ദൈവത്തിന്റെ അരൂപിക്ക് കടന്നുവരാനാവില്ല. മനസ്സു പ്രശ്നങ്ങളാൽ ചൂടുപിടിച്ചിരിക്കുമ്പോൾ അരൂപിക്ക് പ്രവർത്തിക്കാനാവില്ല. ശാന്തമായ മന്ദമാരുതനിൽ ദൈവസ്വരം ശ്രവിക്കുന്ന ഏലിയായുടെ അനുഭവംപോലെ പ്രാർത്ഥനയുടെ ശാന്തതയിൽ, മനസ്സിന്റെ ഏകാന്തതയിലാണ് അരൂപിയുടെ ജലകണങ്ങൾ നമ്മുടെമേൽ വർഷിക്കപ്പെടുന്നത്. ഭയവും മറുചോദ്യങ്ങളും പിറുപിറുപ്പുകളും കൂടാതെ ഉന്നതത്തിൽനിന്നുള്ള സ്വർഗ്ഗീയ മഞ്ഞിനായി ഹൃദയപ്രതലങ്ങളെ ഒരുക്കുകയാണെങ്കിൽ അത് ഫലം പുറപ്പെടുവിക്കുക തന്നെ ചെയ്യും.

ഈശോയുടെ പീഡാനുഭവങ്ങളും സഹനങ്ങളും കണ്ട് ഭയചകിതരായി, ഹൃദയം വരണ്ടുണങ്ങിപ്പോയ ശിഷ്യന്മാർ, പ. അമ്മയോടൊപ്പം നിശബ്ദതയിൽ, ആയിരുന്നപ്പോഴാണ് പരിശുദ്ധാത്മാവ് അവരുടെമേൽ തീനാവുകളുടെ മഴ വർഷിച്ചത്. ആ മഴ അവരിൽ നൂറുമേനി ഫലം പുറപ്പെടുവിച്ചതിന്റെ അടയാളമാണല്ലോ ഇന്ന് ലോകംമുഴുവനും ഉള്ള ക്രൈസ്തവർ.

ഈ ശ്ലീഹാക്കാലത്ത് ആത്മാവിന്റെ മഞ്ഞുതുള്ളികളാൽ ഹൃദയതലം പരിപുഷ്ടമാക്കുവാൻ നമുക്കാവട്ടെ. പ്രകൃതിയെ തണുപ്പിക്കാൻ കിനിഞ്ഞിറങ്ങുന്ന മഞ്ഞുപോലെ പരിശുദ്ധാത്മാവിനാൽ ജീവിതങ്ങളെ നനച്ച് ഫലം പുറപ്പെടുവിക്കുന്നവരായി നമുക്ക് തീരാം.

പന്തക്കുസ്താ തിരുനാളിനായി, കർത്താവിന്റെ തുഷാരബിന്ദുക്കളെ ഹൃദയത്തിൽ സ്വീകരിക്കാൻ നമുക്കൊരുങ്ങാം...



*അമ്പതാമത്തേത് എന്നർത്ഥമുള്ള 'പെന്തെക്കോസ്തേ' എന്ന ഗ്രീക്കുവാക്കിൽനിന്നാണ് പെന്തക്കുസ്താ എന്ന പദമുണ്ടായത്. ഉയിർപ്പിനുശേഷം അമ്പതാം ദിവസം എന്നാണ് ഉദ്ദേശിക്കുന്നത്.*

# കാത്തിരിപ്പ്



സമയത്തിനും കാലത്തിനും അതീതനായ ദൈവം സൃഷ്ടികർമ്മം നടത്തിയത് – **6 ദിവസംകൊണ്ട്.**
ദൈവം തന്റെ ജനത്തെ കാനാൻദേശത്തേക്കു നയിച്ചതും വളർത്തിയതും – **40 വർഷംകൊണ്ട്**
തന്റെ പ്രിയപുത്രനെ ലോകത്തിലേയ്ക്കയയ്ക്കാൻ ദൈവം കാത്തിരുന്നത് – **നൂറ്റാണ്ടുകളോളം**
സർവ്വത്തെയും സൃഷ്ടിച്ച ദൈവത്തിന്റെ പുത്രൻ ഈ ലോകത്തിൽ ജനിക്കാൻ കാത്തിരുന്നത് – **9 മാസത്തോളം**
ഈശോ തന്റെ പരസ്യജീവിതത്തിനൊരുക്കമായി മരുഭൂമിയിൽ പ്രാർത്ഥിച്ചത് – **40 ദിവസം**
പരസ്യജീവിതത്തിനു മുമ്പ് ഈശോ നിശബ്ദതയിൽ ചെലവഴിച്ചത് – **30 വർഷം**
സമറിയാക്കാരിയെയും കാത്ത് ഈശോ കിണറ്റിനരുകിൽ കാത്തിരുന്നത് – **നട്ടുച്ചനേരത്ത്**
സമയത്തെയും കാലത്തെയും അതിജീവിച്ച ദൈവപുത്രൻ മരണശേഷം ഭൂമിക്കുള്ളിൽ ചെലവഴിച്ചത് – **3 ദിവസം**
ഈശോയുടെ ഉത്ഥാനത്തിനു ശേഷം പരി. അമ്മയും ശ്ലീഹന്മാരും പരിശുദ്ധാത്മാവിനെ കാത്തിരുന്നത് – **50 ദിവസം**
**കാത്തിരിക്കാൻ സമയമില്ലാത്തത് – ഇന്നിന്റെ മനുഷ്യന്**

# ആദരാജ്ഞലികൾ....



***അപ്പസ്തോലിക് സൊദാലസ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടിലെ സജീവാംഗവും ചങ്ങനാശ്ശേരി അതിരൂപതാംഗവുമായിരുന്ന ബഹു. ജോസഫ് തുമ്പയിൽ അച്ചന് പരമാവാധി സ്നേഹത്തിന്റെ പ്രേഷിത കുടുംബത്തിന്റെ ആദരാജ്ഞലികൾ....***



# വിശുദ്ധിയുടെ മുത്തുകൾക്ക്



കൂട്ടുകാരേ, ഉത്തരങ്ങൾ എഴുതുന്നതിനുമുമ്പ് ഈ ലക്കത്തിലെ പ്രതീക്ഷയുടെ പൂമൊട്ടുകൾ മുഴുവൻ വായിക്കണേ. ഉത്തരങ്ങൾ ഇതിന്റെ താളുകളിൽ ഒളിഞ്ഞുകിടപ്പുണ്ട്.

ഉയിർപ്പു ലക്കത്തിലെ വിജയി:
Alanta Sunny Joseph, Pulickathundiyil, Erattayar.

1. "അവനോടൊപ്പം മരിക്കാൻ നമുക്കും പോകാം". സുവിശേഷഭാഗം എഴുതുക.
2. പന്തക്കുസ്താ എന്ന പദം ഏതു വാക്കിൽനിന്നും ഉരുത്തിരിഞ്ഞതാണ്?
3. 2017 മെയ് 13 ന് വിശുദ്ധരുടെ ഗണത്തിലേക്ക് ഉയർത്തപ്പെട്ടവർ ആരെല്ലാം?
4. ശ്ലീഹാ എന്ന സുറിയാനി വാക്കിന്റെ അർത്ഥമെന്ത്?
5. അന്ത്യപ്രഭാഷണത്തിൽ ഈശോ പരിശുദ്ധാരൂപിയെക്കുറിച്ച് പറയുന്ന സുവിശേഷഭാഗങ്ങൾ ഏവ?
6. ഹോറെബുമലയിൽ കർത്താവിന്റെ സാന്നിദ്ധ്യാനുഭവത്താൽ ജ്വലിച്ച പ്രവാചകനേത്?

**ഉത്തരങ്ങൾ**

1. ............................
2.
3.
4.
5.
6.



(15 വയസ്സുവരെയുള്ള കൂട്ടുകാർക്കാണ് ഈ മത്സരം. ലഭിക്കുന്ന ശരിയുത്തരങ്ങളിൽ നിന്നും നറുക്കിട്ടായിരിക്കും വിജയിയെ കണ്ടെത്തുക. ഉത്തരങ്ങൾ ലഭിക്കേണ്ട അവസാന തീയതി - ജൂൺ 30).


**അയയ്ക്കേണ്ട വിലാസം:** പ്രതീക്ഷയുടെ പൂമൊട്ടുകൾ, സ്പിരിച്ചാലിറ്റി സെന്റർ, മാങ്ങാനം പി. ഒ., കോട്ടയം 686 018



വിശുദ്ധിയുടെ മുത്തുകൾക്ക്

13

# കുഞ്ഞാറ്റയുടെ കുമ്പസാരം



ഉയിർപ്പു
...ക്കത്തിലെ വിജയി:
Alanta Sunny Joseph,
Pulickathundiyil,
Erattayar.

**ഡാ**ഡി അവളെ അരികിലിരുത്തി ചോദിച്ചു. "എന്റെ വാവേ, ചിന്തയിലൂടെയും വാക്കിലൂടെയും പ്രവൃത്തിയിലൂടെയും ചെയ്യുന്ന പാപങ്ങൾ എന്നതുകൊണ്ട് എന്താ ഉദ്ദേശിക്കുന്നത് എന്നറിയാമോ മോൾക്ക്? മോളുടെ കൈയിൽ നിന്ന് ഒരു ഗ്ലാസ് നിലത്തുവീണ് പൊട്ടി എന്നിരിക്കട്ടെ. വീട്ടിൽ ആരും കണ്ടതുമില്ല. മമ്മിയോ ഡാഡിയോ വഴക്കുപറയുമോ എന്നൊരു ഭയം ഉള്ളിൽ തോന്നിയിട്ട് ആരോടും പറയേണ്ട, ആരും കണ്ടില്ലല്ലോ, വേറൊരെണ്ണം അതേ സ്ഥലത്ത് എടുത്തു വച്ചാൽമതി എന്നൊക്കെ ചിന്തിക്കുകയാണെങ്കിൽ അത് ചിന്തയിൽ മോൾക്കുണ്ടായ പാപമാണ്. ഗ്ലാസു പൊട്ടിപ്പോയതല്ല അത് അറിയിക്കാതിരിക്കാൻ മറ്റു പലതും ചിന്തിക്കുന്നതാണ് പാപം. ഇത് ഒരു ഉദാഹരണം മാത്രമാണ് കേട്ടോ. മറ്റു പലതുമുണ്ട്. തെറ്റു പറ്റിപ്പോയി എന്ന് മമ്മിയോടോ ഡാഡിയോടോ പറയുകയായിരുന്നുവെങ്കിൽ "സത്യം നിങ്ങളെ സ്വതന്ത്രരാക്കും" എന്ന തിരുവചനം നമ്മിൽ പൂർത്തിയാക്കിക്കൊണ്ട് പേടികൂടാതെ നടക്കാനാവും. അതുപോലെതന്നെ ഗ്ലാസു പൊട്ടിപ്പോയെന്നു പറയാതിരിക്കുകയും മറ്റൊരെണ്ണം കൊണ്ടുപോയി അതേസ്ഥലത്തു വയ്ക്കുകയും ചെയ്യുമ്പോൾ അതു പ്രവൃത്തിയാലുള്ള പാപമായി. അതോടൊപ്പംതന്നെ ഒരു ഗ്ലാസു നഷ്ടപ്പെട്ടുവെന്ന കാര്യം മനസിലാക്കി മോളോടു ചോദിക്കുമ്പോൾ 'കണ്ടില്ല മമ്മീ, ഞാനെടുത്തില്ല' എന്നു പറയുമ്പോൾ അത് വാക്കാലുള്ള പാപവുമായി. മോൾക്കു ഡാഡി പറയുന്നത് മനസിലായോ?'' ''ഉം.......മനസിലായി''. ''കഴിഞ്ഞദിവസം ക്ലാസിൽ പഠിക്കാതെ ചെന്നിട്ട് മറന്നുപോയെന്നു പറഞ്ഞതൊക്കെ പാപമാണു കേട്ടോ. അതെല്ലാം ഈശോ കാണുന്നുണ്ട്.

**ഷീജാ കാലായിൽ**



# കൂടെ നടക്കുന്നവൻ

അനിത ആത്രശേരിയിൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

കവിത

പിന്നിട്ട ജീവിതപാതകൾ നോക്കുവാൻ
കാണുവാൻ കണ്ട് തിരുത്തി മുന്നേറുവാൻ
തമ്പുരാൻ കാട്ടിയ കാരുണ്യമോർത്തിട്ട്
നന്ദിപറഞ്ഞതു സ്തുതിച്ചു വണങ്ങുവാൻ
പിന്നെയും തെറ്റായ കാലടി പാതകൾ
കണ്ടു തിരിഞ്ഞു തിരുത്തി മടങ്ങണം
നന്മതൻ നേരായ മാർഗ്ഗം വഴിയായി
എന്നുമാ സ്നേഹത്തിൽ ഒന്നായി തീരണം.
കണ്ണിമപൂട്ടാതെ കാതോരം ചേർന്നവൻ
കൂടെ നടക്കുന്നു കൂട്ടിരിക്കുന്നെന്നും
കാരുണ്യമൂറുന്ന കരുതലുനൽകുന്നൊരാ
ക്രൂശിത രൂപത്തിലെപ്പോഴും നോക്കണം
വിങ്ങുന്ന സ്നേഹക്കുറവുകൾ തീർത്തവൻ
വിണ്ടലം നൽകുന്നു വിശ്വാസമേകുന്നു.
ആ മുറിപ്പാടുകൾ സാദരമോതുന്നു
ഭയലേശമില്ലാതെ ക്രൂശെടുത്തിടു നീ
നീ തനിച്ചല്ല, ബലമേകി നിൻകൂടെ
ഭാരം വഹിക്കാൻ ഞാനെപ്പോഴും വന്നിടാം.
വിശ്വാസമോടെ വിശുദ്ധിയോടെയെന്നെ
ഒന്നു വിളിച്ചാൽ ഞാനെത്തിടും നിശ്ചയം.
നിൻകൂടെ സോദരരുണ്ടെങ്കിലെൻമനം
സന്തോഷമേറെ പകരും നിനക്കായി

വിശുദ്ധരോടൊപ്പം

# കൊച്ചുവിശുദ്ധർ

## ഫ്രാൻസിസ്കോ, ജസീന്ത



ജിജി പുല്ലത്തിൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

കാർട്ടൂൺ കാണേണ്ട എന്നു പറഞ്ഞതിന് പത്തുവയസ്സുകാരൻ ആത്മഹത്യ ചെയ്തു...

പത്തിനും പതിനഞ്ചിനും വയസ്സിനിടയ്ക്കുള്ള പത്തു കുടിയന്മാരാണ് ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെ അടുത്തെത്തിയത്...

ആരെയും മൈൻഡുചെയ്യാതെ മൂന്നു മണിക്കൂറോളം ടച്ച് ഫോണിൽ ജീവിതം ആസ്വദിക്കുന്ന മൂന്നു വയസ്സുകാരി...

'എന്നെ എന്തെങ്കിലും പറഞ്ഞാൽ നന്ദൻകോട് ഈ വീട്ടിലും ആവർത്തിക്കും' എന്ന കൗമാരക്കാരന്റെ മറുപടി'...

കേഡൽ ജീൻസൺ എത്ര സ്മാർട്ടാണ് എന്നു പറയുന്ന എട്ടും പത്തും വയസ്സുള്ള മക്കൾ...

വീഡിയോ ഗെയിമിലൂടെ ജീവിതമില്ലാതാക്കുന്ന കുഞ്ഞുങ്ങൾ...

ചങ്കു തകർന്നു പോകുന്ന സമൂഹത്തിന്റെ നേർക്കാഴ്ചകളിലേക്കുനോക്കി നെടുവീർപ്പിടുന്ന അമ്മമാരുടെ ആവലാതികളും പരാതികളും കേട്ട് ആകുലപ്പെട്ടിരിക്കുമ്പോഴാണ് ജസീന്ത സൺഡേ ശാലോമുമായി ഞങ്ങളുടെ ഇടയിലേക്ക് എത്തിയത്. "അമ്മേ കണ്ടോ, ചേട്ടായിയും ഞാനും വിശുദ്ധരാകാൻ പോവുകയാ". അത്ഭുതത്തോടെ ഓമനത്തം തുളുമ്പുന്ന ആ മുഖത്തേക്ക് നോക്കിയപ്പോൾ ജസീന്താ ഞങ്ങളോടായി തുടർന്നു... "എന്റെ ചേട്ടായിയുടെ പേര് ഫ്രാൻസിസ്കോ എന്നാണ്. എന്റെ പേര് ജസീന്ത. കുഞ്ഞാവയുടെ പേര് ലൂസി. ഞങ്ങൾ വിശുദ്ധരാകണമെന്നും പറഞ്ഞ് അമ്മ ഇട്ട പേരാ. ഇതു ഞാൻ വായിക്കട്ടെ". "വായിക്ക് മോളേ" ഞങ്ങളെല്ലാവരും ജസീന്തായെ പ്രോത്സാഹിപ്പിച്ചു.

അവൾ വായിക്കാൻ തുടങ്ങി... "ഫാത്തിമയിലെ പരി. കന്യകാമറിയത്തിന്റെ ദർശനം ലഭിച്ച കുട്ടികൾ വിശുദ്ധപദവിയിലേക്ക്.

ഇതോടെ ഇവർ കത്തോലിക്കാസഭയിലെ ഏറ്റം പ്രായം കുറഞ്ഞ വിശുദ്ധരാകും. എട്ടു പത്തും വയസ്സിൽ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട കുട്ടികൾ വിശുദ്ധ പദവിയിലെത്തുന്നത് ലോകമെങ്ങുമുള്ള കുട്ടികൾക്ക് വലിയ ആത്മവിശ്വാസം പകരുന്നതാണ്. ബ്രസീലിലുള്ള ഒരു കുട്ടിക്കു ലഭിച്ച സൗഖ്യമാണ് രണ്ടാമത്തെ അത്ഭുതമായി വത്തിക്കാൻ അംഗീകരിച്ചത്. സ്വർഗം ലോകത്തിലുള്ള കുട്ടികളോടും സംസാരിക്കാൻ ആഗ്രഹിക്കുന്നു എന്നതിന്റെ തെളിവായി ഈ അത്ഭുതസൗഖ്യത്തെ വിലയിരുത്താം. ഒപ്പം വിശുദ്ധപദവിക്ക് പ്രായം ഘടകമല്ല എന്നുള്ള ഓർമ്മപ്പെടുത്തലും.

വാഴ്ത്തപ്പെട്ട ഫ്രാൻസിസ്കോയുടെയും ജസീന്തയുടെയും നടന്ന രണ്ടാമത്തെ അത്ഭുതവും ഫ്രാൻസിസ് മാർപാപ്പാ സ്വീകരിച്ചതോടെ ഇരുവരെയും വിശുദ്ധരായി പ്രഖ്യാപിക്കാനുള്ള അവസാനകടമ്പയും പിന്നിട്ടു.

1917 മെയ് 13 നാണ് ഒമ്പതുവയസ്സുള്ള ഫ്രാൻസിസ്കോയ്ക്കും ഏഴു വയസ്സുള്ള ജന്തീന്തയ്ക്കും ആദ്യമായി മാതാവ് പ്രത്യക്ഷപ്പെട്ടത്. 1917 ഒക്ടോബർ 13 വരെ തുടർന്ന ഈ പ്രത്യക്ഷീകരണം യാഥാർത്ഥ്യമാണെന്ന് കത്തോലിക്കാസഭ പിന്നീട് പ്രഖ്യാപിച്ചു. മാതാവിന്റെ പ്രത്യക്ഷീകരണത്തിന് ഒരു വർഷത്തിനുശേഷം രോഗം ബാധിച്ചായിരുന്നു ഫ്രാൻസിസ്കോയും ജസീന്തായും മരണമടഞ്ഞത്.


പത്തും എട്ടും വയസ്സുള്ളപ്പോൾ മരണമടഞ്ഞ ഈ കൊച്ചുവിശുദ്ധർ രക്തസാക്ഷികളല്ലാത്ത വിശുദ്ധരിൽ ഏറ്റവും പ്രായം കുറഞ്ഞവരായിരിക്കുമെന്നാണ് നാമകരണനടപടികളുടെ പോസ്റ്റുലേറ്റർ പറഞ്ഞത്.

അക്ഷരസ്പുടതയോടെ അവൾ വായന പൂർത്തിയാക്കി, വിശുദ്ധരുടെ ആൽബത്തിലൊട്ടിക്കാൻ പടം വെട്ടിയെടുക്കാൻ തുടങ്ങി. ജസീന്തയുടെ അമ്മ മരിയ പറഞ്ഞു: "ഇവളിങ്ങനെയാ... ഇതാ ഇവളുടെ ക്രേസ്... വിശുദ്ധയാകണമെന്നു പറഞ്ഞ് ഒരുപാടു കാര്യങ്ങൾ ചെയ്തുകൂട്ടുന്നുണ്ട്". ഇടയ്ക്കു കയറി ജിൻസി പറഞ്ഞു: "അല്ല സിസ്റ്ററേ, മരിയ കുഞ്ഞുങ്ങളെ വലിയ മാതൃഭക്തിയിലാണു വളർത്തുന്നത്. മക്കളെ മാതാവിനു കൊടുത്തുകൊണ്ട് ഈശോയിലാണ് മക്കളെ വളർത്തുന്നത്. മരിയയുടെ പരിശീലനമാണ് ഈ മക്കളെ പരിശുദ്ധിയിൽ വളർത്തുന്നത്. അത് ഈ വീട്ടിൽ വരുന്നവർക്കെല്ലാം അറിയാം". കൂടെയുണ്ടായിരുന്ന ബാക്കി അമ്മമാരെല്ലാം അതു സപ്പോർട്ടു ചെയ്തു. ഒരിക്കൽക്കൂടി ആ ശ്രുതിമധുരമായ ഗാനം കാതിലലയടിച്ചു...

അമ്മ ചൊല്ലിത്തന്ന നാമം  
ഈശോതൻ മധുരനാമം.  
അപ്പൻ കാട്ടിത്തന്ന രൂപം  
ഈശോതൻ സുന്ദരരൂപം  
എന്നുള്ളിലെന്നും മായാതെ നില്ക്കും  
എൻ ആദിവിശ്വാസപാഠം.

അതെ, മക്കളെ ഈശോയിൽ വളർത്തിയാൽ, മക്കളെപ്പറ്റിയുള്ള ആധിയൊക്കെ ആനന്ദമാകും. ഫാത്തിമാദർശനത്തിന്റെ നൂറാം വാർഷികം ആഘോഷിക്കുന്ന ഈ വേളയിൽ നമ്മുടെ മക്കളെ കൊന്തയിൽ കൊരുത്ത് പരിശുദ്ധ അമ്മയ്ക്കു സമർപ്പിക്കാം. ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും സംപ്രീതിയിൽ ഈശോയെ വളർത്തിയതുപോലെ അമ്മ നമ്മുടെ മക്കളെയും വളർത്തും. 2017 മെയ് 13ന് വിശുദ്ധപദവിയിലേക്ക് ഉയർത്തപ്പെട്ട ഫ്രാൻസിസ്കോയുടെയും ജസീന്തയുടെയും ഗണത്തിലേക്ക് നമ്മുടെ മക്കളും ഉയരും.

# ഉത്ഥിതനെ തിരിച്ചറിഞ്ഞ വിരലുകൾ



ജിഷ മുണ്ടയ്ക്കത്താഴത്ത്
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

വിരലുകൾക്ക് എന്തെല്ലാം കർമ്മങ്ങളാണുള്ളത്! അനുദിനജീവിതത്തിൽ വിരലുകൾ ചെയ്തുകൊണ്ടിരിക്കുന്ന നിരവധിയായ കർമ്മങ്ങളെക്കുറിച്ച് ഏറെപ്പേരും ബോദ്ധ്യമുള്ളവരല്ല. നന്മ ചെയ്യുവാനും തിന്മ ചെയ്യുവാനും വിരലുകൾ ഉപയോഗിക്കപ്പെടുന്നു. നന്മതിന്മകളെ ചൂണ്ടിക്കാണിക്കാനും അഴുക്കു പുരണ്ടതു നീക്കിക്കളയാനും ശരീരത്തിന് ആവശ്യമായ അന്നം നല്കാനും മനോഹാരിത വർദ്ധിപ്പിക്കാനും ജോലികൾ ചെയ്യുവാനും മറ്റുള്ളവരെ കുറ്റപ്പെടുത്തുവാനുമൊക്കെ വിരലുകൾ ഉപയോഗിക്കപ്പെടുന്നു.

ശ്ലീഹാക്കാലത്ത് സീറോ മലബാർ സഭാമക്കൾ ആഘോഷിക്കുന്ന വലിയ തിരുനാളാണല്ലോ നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹായുടെ ദുക്റാന. തോമ്മാശ്ലീഹായുടെ വിരലുകൾ ശാഠ്യം പിടിച്ചത് മറ്റാരും ചെയ്യാത്ത ഒരു പ്രവൃത്തി ചെയ്യാനാണ്; തന്റെ ഗുരുവും നാഥനുമായ ഉത്ഥിതനെ തൊട്ടുവിശ്വസിക്കാനാണ്. ഉത്ഥിതനായ മിശിഹായെ ഞങ്ങൾ കണ്ടു എന്ന് മറ്റു ശിഷ്യന്മാർ പറഞ്ഞപ്പോൾ “അവന്റെ കൈകളിൽ ആണികളുടെ പഴുതുകൾ ഞാൻ കാണുകയും അവയിൽ എന്റെ വിരൽ ഇടുകയും അവന്റെ പാർശ്വത്തിൽ എന്റെ കൈവയ്ക്കുകയും ചെയ്തല്ലാതെ ഞാൻ വിശ്വസിക്കുകയില്ല” എന്ന് തോമ്മാ ശാഠ്യം പിടിച്ചു. മറ്റു

പ്രതീക്ഷയുടെ
## പൂമൊട്ടുകൾ

ശ്ലീഹന്മാർക്കുണ്ടായ മിശിഹാനുഭവം ശ്ലീഹാ ആയ തനിക്കും അവകാശപ്പെട്ടതാണെന്ന വിശ്വാസവും ബോധ്യവുമാണ് തോമ്മാശ്ലീഹായെ അതിനു പ്രേരിപ്പിച്ചത്.

വിശ്വാസമാണ് നമ്മെ പലതും ചെയ്യുവാനും ചെയ്യിക്കുവാനും പ്രേരിപ്പിക്കുന്നത്. ഈശോയെ കാണുകയും കേൾക്കുകയും സ്പർശിച്ചനുഭവിക്കുകയും ചെയ്യുമ്പോഴാണ് തോമ്മാശ്ലീഹായെപ്പോലെ 'നമുക്കും അവനോടൊപ്പം പോയി മരിക്കാം' (യോഹ 11,16) എന്നു പറയാൻ സാധിക്കുന്നത്. ഈശോ തൊട്ടവനും ഈശോയെ തൊട്ടവനുമായാലേ 'എന്റെ കർത്താവേ, എന്റെ ദൈവമേ' എന്ന വിശ്വാസസത്യം ഉറക്കെ പ്രഘോഷിക്കാൻ കഴിയൂ.

ശ്ലൈഹികാനുഭവത്തിനുവേണ്ടിയുള്ള തോമ്മായുടെ ശാഠ്യം ഈശോ സാധിച്ചുകൊടുക്കുന്നു. "നിന്റെ വിരൽ ഇവിടെ കൊണ്ടുവരിക. എന്റെ കൈകൾ കാണുക. നിന്റെ കൈനീട്ടി എന്റെ പാർശ്വത്തിൽ വയ്ക്കുക. അവിശ്വാസിയാകാതെ വിശ്വാസിയായിരിക്കുക". തന്നെ കാണാനും സ്പർശിക്കാനും ആഗ്രഹിക്കുന്നവനിലേക്ക് കടന്നു വരാൻ തയ്യാറാകുന്നവനാണ് വഴിയും സത്യവും ജീവനുമായവൻ. അവനെ തിരിച്ചറിഞ്ഞപ്പോഴാണ് എന്റെ കർത്താവേ എന്റെ ദൈവമേ എന്ന് ഹൃദയത്തിന്റെ നിറവിൽനിന്നു പ്രഘോഷിക്കുവാൻ ശ്ലീഹായ്ക്കു കഴിഞ്ഞത്. ഈശോ തൊട്ട അനുഭവങ്ങൾ സജീവമായി നമ്മിലുണ്ടാകണം; അനുദിനജീവിതത്തിൽ ഈശോയുടെ വിരലുകളുടെ മൃദുസ്പർശനം തിരിച്ചറിയാൻ നമുക്കു കഴിയണം.

→ മറ്റുള്ളവരുടെ നേർക്ക് ചൂണ്ടി അവരെ കുറ്റപ്പെടുത്തുന്ന വിരലുകൾ സ്വന്തം ജീവിതത്തിലേക്കു നോക്കി വിലയിരുത്താൻ ഉപയോഗിക്കുക

→ അവനും അവൾക്കും -ഈശോയുടെ സമകാലികർക്കും അന്നു മുതൽ ഇന്നുവരെയുള്ള പലർക്കും- ഈശോയെ തിരിച്ചറിയാൻ കഴിഞ്ഞെങ്കിൽ എനിക്കെന്തുകൊണ്ട് സാധിക്കുന്നില്ല?

→ മറ്റുള്ളവരിൽ ഈശോയെ കാണാൻ കഴിയണം.

→ 'കടങ്ങളുടെ പൊറുതിക്കായി വി. കുർബാന സ്വീകരിക്കുന്ന കൈകൾ' കർത്താവിനുവേണ്ടി എല്ലാ ദിവസവും സദ്ഫലങ്ങൾ പുറപ്പെടുവിക്കുന്നവയാക്കി മാറ്റാം. എങ്കിൽ മാത്രമേ യഥാർത്ഥ ശിഷ്യനായിത്തീരുവാൻ കഴിയൂ.



**നമ്മുടെ പിതാവായ തോമാശ്ലീഹായുടെ ദുക്റാന തിരുന്നാൾ ആശംസകൾ**

"നമ്മുടെ ആത്മാവിന്റെ പ്രശാന്തനായ അതിഥിയാണ് പരിശുദ്ധാത്മാവ്"

വി. ആഗസ്തീനോസ്

പ്രതീക്ഷയുടെ പൂമൊട്ടുകൾ

# സ്നേഹമുള്ളിടത്താണ് സ്വാതന്ത്ര്യം

**ഫാ. ഷിബു പുളിക്കൽ**
നെറൂൾ , കല്യാൺ രൂപത



**മാ**ങ്ങ മുറിച്ചു കഷണങ്ങളാക്കി വച്ചിരിക്കുന്ന പാത്രത്തിന്റെ മുമ്പിലിരുന്ന്, ഒരോ തമാശകൾ പറഞ്ഞ് ആ കൂട്ടുകാർ പൊട്ടിച്ചിരിക്കുകയും കൂട്ടത്തിൽ മാങ്ങ കഴിക്കുകയും ചെയ്യുകയായിരുന്നു. തിന്നാൻ പാകത്തിൽ കഷണങ്ങളാക്കി വച്ചിരുന്നതുകൊണ്ട്, വർത്തമാനത്തിനിട യിൽ മാങ്ങ തീർന്നുകൊണ്ടിരുന്നത് അവർ അറിഞ്ഞതേയില്ല! ഒടുവിൽ ഒരു കഷണം മാത്രം പാത്രത്തിൽ ബാക്കിയായി. അത് ആരെടുക്കും? തീർച്ചയായും, ഈ അവസ്ഥയിലൂടെ നമ്മളെപ്പോഴെങ്കിലും കടന്നുപോയിട്ടുണ്ടായിരിക്കും.

ഒരുപക്ഷേ ആരും ആ കഷണം എടുക്കാതെ നാലുപേരും ഒരുപോലെ ചിന്തിക്കുന്നുണ്ടാവും, അത് മറ്റേ ആൾ എടുത്തുകൊള്ളട്ടെ എന്ന്. ഇതാണ് സ്നേഹം. ഇതിനു വിപരീതമായി, അത് അവനെടുക്കുമോ എന്നാണ് ഓരോരുത്തരും ചിന്തിക്കുന്നതെങ്കിലോ, അത് സ്വാർത്ഥത തന്നെ. ഇതിൽനിന്നെല്ലാം വ്യത്യസ്തമായി അവരിൽ ഒരുവൻ അല്പം തമാശയൊക്കെ പറഞ്ഞ് അതെടുത്ത് നൈസർഗികമായി കഴിക്കുന്നുവെങ്കിൽ അത് സ്വാതന്ത്ര്യമാണ്.

സ്വാതന്ത്ര്യവും സ്നേഹവും അഭികാമ്യമാണെന്ന് പറയേണ്ടതില്ലല്ലൊ. എന്നാൽ ഇന്ന് സ്വാർത്ഥതയാണ് മനുഷ്യനെ ഭരിക്കുന്നത്. എല്ലാം എനിക്കു മാത്രമാണെന്ന് അവൻ ശഠിക്കുന്നു. വെറും കൈയോടെ വന്ന് വെറും കൈയോടെ പോകേണ്ടവനാണെന്ന് അവന് അറിയാമെങ്കിലും സ്വാർത്ഥതയിൽനിന്ന് അവന് മുക്തി ലഭിക്കുന്നില്ല. നാം ഏത് ഭാഗത്താണെന്ന് ചിന്തിച്ചു നോക്കുക.

# യഥാർത്ഥ സ്നേഹം: സമർപ്പണാത്മകവും ത്യാഗാത്മകവും

റോസമ്മ കുന്നേൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്



**പൊ**തുവെ നോക്കിയാൽ മനുഷ്യജീവിതം നിരവധിയായ ബുദ്ധിമുട്ടുകളെ രുചിച്ചറിയുന്നതാണ്. ഈ ബുദ്ധിമുട്ടുകളെയെല്ലാം അതിജീവിക്കാൻ കഴിവുള്ള ഒരു തുരുത്ത് കണ്ടെത്തുന്നില്ലെങ്കിൽ ജീവിതം ദുസ്സഹമായി ത്തീരും. വലയിൽ അകപ്പെട്ട മത്സ്യം വലയിൽനിന്നും പുറത്തുകടക്കുന്നതിനായി പിടയുകയും എടുത്തുചാടുകയുമെല്ലാം ചെയ്യുന്നു. എന്നാൽ അവയുടെ പരിശ്രമം നിഷ്ഫലമാണെന്നു നമുക്കറിയാം. യഥാർത്ഥ തുരുത്ത് കണ്ടെത്തിയില്ലെങ്കിൽ നമ്മുടെ സ്ഥിതിയും വലയിൽപ്പെട്ട മത്സ്യങ്ങളുടേതുപോലെയായി

രിക്കും. മനുഷ്യജീവിതത്തിന്റെ യഥാർത്ഥ തുരുത്ത് സ്നേഹമാണ്. സ്നേഹം നമ്മെ വിശ്വാസത്തിലേക്കും പ്രത്യാശയിലേക്കും നയിക്കുന്നു.

സ്നേഹം എന്ന വാക്കിന് വലിയ അർത്ഥ വ്യാപ്തിയാണുള്ളത്. സ്നേഹം പലപ്പോഴും ഒരു വൈകാരികമായ യാഥാർത്ഥ്യമായിട്ടാണ് മനസ്സിലാക്കപ്പെടുക. അത് സ്വാർത്ഥതയുടെ ഒരു പ്രകാശനമായി പരിണമിക്കുന്നതായി കാണാം. അങ്ങനെയായാൽ "എനിക്ക് ഇഷ്ടമുള്ളത്, ഞാൻ ആഗ്രഹിക്കുന്നത്, എനിക്ക് താല്പര്യമുള്ളത്" എന്നിങ്ങനെ സ്നേഹത്തിന് പരിമിതി കല്പിക്കുന്നു. ഈ ഇഷ്ടങ്ങളും താല്പര്യങ്ങളും ആഗ്രഹങ്ങളുമെല്ലാം അസ്ഥിരമാണ്. നമ്മിൽ വന്നുംപോയും കൂടിയും കുറഞ്ഞും ഇരിക്കുന്നതാണ്. അങ്ങന്യെയായാൽ സ്നേഹം തുരുത്താകുകയില്ല. ഇന്നു കാണുന്ന ബന്ധങ്ങളുടെ തകർച്ചകളെയെല്ലാം യഥാർത്ഥ സ്നേഹത്താൽ കോർത്തിണക്കാത്തതിനാൽ സംഭവിക്കുന്നതാണ്. മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളിലൊന്നാണ് സ്നേഹം എന്നതിന് സംശയമില്ല. അതുകൊണ്ട് യഥാർത്ഥ സ്നേഹം നമ്മിൽ പരിരക്ഷിക്കപ്പെടണം. യഥാർത്ഥസ്നേഹത്തിന്റെ സവിശേഷതകൾ പൗലോസ് ശ്ലീഹാ കോറിന്തോസുകാർക്ക് എഴുതിയ ഒന്നാം ലേഖനം 13-ാം അധ്യായത്തിൽ വിശദമായി പറയുന്നുണ്ട്. ആ തിരുവചന ഭാഗങ്ങൾ വായിച്ചു ധ്യാനിച്ച് ജീവിതമാക്കി നമ്മുടെ സ്നേഹത്തെ ശുദ്ധീകരിച്ചെടുക്കുന്നതിന് ഇടയാകണം.

ഇവിടെ നമുക്ക് യഥാർത്ഥ സ്നേഹത്തിന്റെ ഉറവിടം കണ്ടെത്തുക ആവശ്യമാണ്. "അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി, തന്റെ ഏകജാതനെ നല്കാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു" (യോഹ 3,16). ദൈവത്തിലാണ് സ്നേഹത്തിന്റെ ഉറവിടം. കാരണം ദൈവം സ്നേഹമാകുന്നു (1 യോഹ 4,8). സമർപ്പണാത്മകവും ത്യാഗാത്മകവുമായ മാതൃസ്നേഹം സമൃദ്ധമായി നിർഗ്ഗളിക്കുന്നത് ദൈവപിതാവിൽനിന്നുമാണ്-പരിശുദ്ധത്രിത്വത്തിൽ നിന്നുമാണ്. പിതാവായ ദൈവം നമുക്കായി തന്റെ ഏകജാതനെ ബലി കഴിക്കുന്നതിന് മടികാണിച്ചില്ല; പരിശുദ്ധാത്മാവ് പുത്രന്റെ ബലിയർപ്പണം അനുവദിക്കുന്നു. നമുക്കുവേണ്ടി മരിക്കുവാനായി ഈ ഭൂമിയിൽ ജനിച്ചവനാണ് ഈശോ. ഈ സ്നേഹത്തിന്റെ നിർഗളനം അമലോത്ഭവയായ പരിശുദ്ധ മറിയത്തിന്റെ ഹൃദയത്തിലും കണ്ടെത്താം, 'നിന്റെ ഹൃദയത്തിലൂടെ ഒരു വാൾ കടക്കും' എന്ന ശിമയോന്റെ പ്രവചനം നിറവേറി. ഈശോയുടെ കുരിശിൻ ചുവട്ടിൽ നില നിന്നുകൊണ്ട് തന്റെ തിരുക്കുമാരനോടൊപ്പം അസഹനീയമായ വേദന അവൾ ഹൃദയത്തിലേറ്റുവാങ്ങി. സഭയുടെ ഹൃദയത്തിലും സ്നേഹത്തിന്റെ ഉറവിടം കണ്ടെത്താം. സഭയിൽ ഇന്നലെയും ഇന്നും നാളെയും രക്തസാക്ഷികൾ ഉണ്ടായിരുന്നു, ഇനിയും ഉണ്ടായിരിക്കും.

സമർപ്പണാത്മകവും ത്യാഗാത്മകവുമായ സ്നേഹമാണ് നമുക്ക് ഉണ്ടായിരിക്കേണ്ടത്. അത് അനുദിനവും നിമിഷംപ്രതിയും ജീവിക്കേണ്ടിയിരിക്കുന്നു. എങ്കിലേ സ്നേഹം മറ്റുള്ളവർക്ക് രക്ഷപെടുവാനുള്ള ജീവിക്കുവാനുള്ള തുരുത്തായി മാറുകയുള്ളൂ. നാം ഈശോയെ വാക്കുകളാല്ലാതെ ജീവിതം കൊണ്ട് സ്നേഹിക്കുന്നവരാകാം - പ്രേമിക്കുന്നവരാകാം. ആദർശപരമായ ഈശോയെ സ്നേഹിക്കുന്നവരാകാതെ, കൂടുതൽ യഥാർത്ഥമായ അതായത്, സഹോദരങ്ങളിൽ ജീവിക്കുന്ന ഈശോയെ സ്നേഹിക്കുന്നവരാകാം.

പ്രതീക്ഷയുടെ പൂമൊട്ടുകൾ

# ജീവിതത്തിലെ ബേത്ഗസകൾ



**കു**ടുംബക്കൂട്ടായ്മ പ്രാർത്ഥനയ്ക്കു വന്ന എല്ലാവരും പതിവു സന്ദേശം കേൾക്കുന്നതിനായി വികാരിയച്ചനിലേക്ക് ശ്രദ്ധ കേന്ദ്രീകരിച്ചു. “ഈ ആഴ്ചയിലെ സൺഡേ ദീപികയിൽ കേണൽ ഡോ. ഡി.പി.കെ. പിള്ളയെക്കുറിച്ചു വന്ന വിവരണം പലരും വായിച്ചുകാണുമല്ലോ. മണിപ്പൂർ വിപ്ലവകാരികളെ തുരത്താനുള്ള ദൗത്യസംഘത്തിന്റെ നേതാവായിരുന്ന ഡോ. പിള്ളയുടെ മരണത്തെ തട്ടിത്തെറിപ്പിച്ച കുരിശിനെക്കുറിച്ച് ലേഖകൻ എഴുതുന്ന് ഇപ്രകാരമാണ്: ‘തീവ്രവാദികളുടെ വെടിയുണ്ടകളും ഗ്രനേഡും ഏറ്റു വീഴുന്നതിനിടയിൽ വീണ്ടുമെത്തിയ വെടിയുണ്ട കഴുത്തിലണിഞ്ഞിരുന്ന കുരിശിൽ തട്ടിത്തെറിച്ചില്ലായിരുന്നെങ്കിൽ സ്വന്തം ജീവിതകഥ വിശദീകരിക്കാൻ പിള്ള ഇന്ന് ഉണ്ടാകുമായിരുന്നില്ല. പട്ടാളത്തിൽ ചേർന്നതിനുശേഷം മേജർ ആയി വിരമിച്ച സ്വന്തം അച്ഛൻ എ.ഡി.വി. പിള്ള സമ്മാനിച്ചതായിരുന്നു വിശുദ്ധിയുടെയും സംരക്ഷണത്തിന്റെയും പ്രതീകമായ ആ കുരിശ്...’ അതെ, വിശുദ്ധിയുടെയും സംരക്ഷണത്തിന്റെയും രക്ഷയുടെയും പ്രതീകമാണ് കുരിശ്. അദ്ദേഹത്തെ ശാരീരികമരണത്തിൽനിന്ന് കുരിശു രക്ഷിച്ചു. അതുപോലെ ആത്മീയമരണത്തിൽനിന്നും കുരിശു നമ്മെ രക്ഷിക്കുന്നു.”

അച്ചൻ തുടർന്നു... “ഈ ഭൂമിയിലേക്ക് അയയ്ക്കുന്നതിനുമുമ്പായി ദൈവം ഓരോരുത്തർക്കും പറ്റിയ കുരിശുകൾ പണിതുവച്ചിട്ടുണ്ട്. എന്തെങ്കിലും കുരിശുകൾ ഇല്ലാത്തവരായി ഈ ലോകത്തിൽ ആരെങ്കിലുമുണ്ടാകുമോ? ഇവിടെയിരിക്കുന്ന നിങ്ങളിൽ ആരെങ്കിലുമുണ്ടോ?”

"എനിക്കീ കുരിശുമാത്രമേയുള്ളു". കഴുത്തിലണിഞ്ഞിരിക്കുന്ന ജപമാലയുടെ കുരിശുയർത്തി ഡെവിൻ പറഞ്ഞു.

"കുരിശുരൂപമല്ലെടാ." ജോഫിൻ തുടർന്നു... "നമ്മുടെ ജീവിതത്തിൽ പലവിധത്തിലുണ്ടാകുന്ന ബുദ്ധിമുട്ടുകളാണച്ചൻ ഉദ്ദേശിച്ചത്. അല്ലേ അച്ചാ?"

"അതെ. ഓരോരുത്തരുടെയും സഹനങ്ങൾ വ്യത്യസ്തങ്ങളാണ്. രോഗങ്ങൾ, കടബാദ്ധ്യതകൾ, വിവാഹപ്രതിസന്ധി, കുടുംബപ്രശ്നങ്ങൾ, ജോലിയില്ലാത്ത അവസ്ഥ, മറ്റു മാനസികവിഷമങ്ങൾ എന്നിങ്ങനെ എണ്ണിയാലൊടുങ്ങാത്ത പ്രശ്നങ്ങളിലൂടെ കടന്നുപോകുന്നവർ ഒത്തിരിയുണ്ട്. ജീവിതത്തിലുണ്ടാകുന്ന സഹനങ്ങൾ ഒഴിവാക്കാനാണ് ബഹുഭൂരിപക്ഷവും ശ്രമിക്കുന്നത്. പക്ഷേ, ഈശോമിശിഹാ നമ്മോടു പറഞ്ഞിരിക്കുന്നതെന്താണ്? അനുദിനം തന്റെ കുരിശുമെടുത്ത് എന്നെ അനുഗമിക്കുക എന്നല്ലേ? സഹനങ്ങളെ നമ്മുടെ ജീവിതത്തിലെ ബേസ്ഗസകളായി കാണാൻ സാധിക്കണം."

"ഈ ബേസ്ഗസാ എന്നൊക്കെ പറയുമ്പോൾ... അതു പിന്നെ... അല്ല, അതെന്തായിട്ടു വരും?" മടിച്ചുമടിച്ചാണെങ്കിലും ലിയോ ചോദിച്ചു.

"പരിശുദ്ധ കുർബാനയിൽ ബലിയർപ്പിക്കപ്പെടാനുള്ള ബലിവസ്തുക്കൾ ഒരുക്കുന്ന സ്ഥലമാണ് ബേസ്ഗസ. മദ്ബഹായിൽ അൾത്താരയുടെ ഇരുവശങ്ങളിലുമായാണ് അവ ക്രമീകരിച്ചിരിക്കുന്നത്. കുർബാനയിൽ ഈശോയുടെ ബലിയർപ്പണമല്ലേ നാം അനുസ്മരിക്കുകയും അനുഷ്ഠിക്കുകയും ആഘോഷിക്കുകയും ചെയ്യുന്നത്? നമ്മുടെ രക്ഷയ്ക്കായി സ്വന്തം ജീവിതം ബലിയർപ്പിക്കുന്നതിന് ഈശോ എന്തുമാത്രം സഹനങ്ങൾ ഏറ്റെടുത്തു... ഈശോയുടെ പീഡാസഹനത്തിന്റെ വീഡിയോ കണ്ടിരിക്കാൻ ബുദ്ധിമുട്ടാണെന്ന് നിങ്ങളിൽ പലരും പറഞ്ഞതോർമ്മിക്കുന്നില്ലേ...?"

"കളങ്കമില്ലാതിരുന്ന ഈശോ നാമോരോരുത്തരുടെയും പാപങ്ങൾ ഏറ്റെടുത്തു. നമ്മെ രക്ഷിക്കാൻവേണ്ടി അവിടുന്ന് കുരിശെടുത്തു. നമുക്ക് അവിടുന്ന് തരുന്ന ചെറുതും വലുതുമായ ജീവിത കുരിശുകൾ നാം സ്നേഹത്തോടെ ഏറ്റെടുക്കണം. അത് നമ്മുടെയും മറ്റുള്ളവരുടെയും വിശുദ്ധീകരണത്തിനായി കാഴ്ചവയ്ക്കണം. അതുകൊണ്ടാണ് വേദനിപ്പിക്കുന്ന അനുഭവങ്ങളെ ജീവിതത്തിലെ ബേസ്ഗസ്സകളായി കാണണമെന്നു പറഞ്ഞത്; ബലിയർപ്പണത്തിന് നമ്മെ ഒരുക്കുന്ന വേദികളായി കാണണമെന്നു പറഞ്ഞത്. നുറുങ്ങിപ്പൊടിഞ്ഞ് ചൂടേറ്റാൽമാത്രമല്ലേ ഗോതമ്പുമണികൾക്ക് ഈശോയുടെ തിരുശ്ശരീരമാകാനുള്ള ഓസ്തിയാകാൻ പറ്റൂ...? ചക്കിലിട്ട് അരയപ്പെട്ടാൽ മാത്രമല്ലേ മുന്തിരിക്കുലയ്ക്ക് ഈശോയുടെ തിരുരക്തമാകാൻ പറ്റൂ...? അതുകൊണ്ട് ബലിയർപ്പിക്കാൻ വരുമ്പോൾ വെറുംകൈയോടെ വരാതെ ജീവിതാനുഭവങ്ങളാകുന്ന ബലിവസ്തുക്കളുമായി വരണം. കുർബാനയുടെ സമയത്ത് ഈശോയുടെ ശരീരരക്തങ്ങളോടുകൂടെ നമ്മുടെ ബലിവസ്തുക്കളും അർപ്പിക്കണം. എങ്കിലേ നമ്മുടേത് യഥാർത്ഥ ബലിയർപ്പണമാകൂ. വെറും കൈയോടെ ബലിയർപ്പിക്കാൻ വരുന്നവർ വെറും കൈയോടെ തന്നെ തിരിച്ചുപോവുകയും ചെയ്യും."

"ഇതിനൊക്കെ ആഗ്രഹമില്ലാഞ്ഞിട്ടാണോ? നേരാംവണ്ണം ജീവിക്കണമെന്നും പ്രാർത്ഥിക്കണമെന്നുമൊക്കെ ആഗ്രഹമുണ്ടെങ്കിലും പലപ്പോഴും അത് നടക്കേല. അതാണു പ്രശ്നം." റോസമ്മ ചേച്ചി തന്റെ ബുദ്ധിമുട്ടു തുറന്നുപറഞ്ഞു.

"അതിനാണു ചേച്ചീ, ഈശോ നമുക്കു പരിശുദ്ധാത്മാവിനെ തന്നത്." അച്ചൻ തുടർന്നു പറഞ്ഞു: "ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല, എന്നും നിങ്ങളോടൊത്തായിരിക്കാൻ മറ്റൊരു സഹായകനെ നിങ്ങൾക്കു തരും എന്നൊക്കെ പറഞ്ഞ് ശിഷ്യന്മാരെ ഈശോ ആശ്വസിപ്പിച്ചതോർക്കുന്നില്ലേ? വാഗ്ദാനം ചെയ്തിരുന്നതുപോലെ ഉത്ഥാനത്തിനുശേഷം പരിശുദ്ധാത്മാവിനെ നല്കുകയും ചെയ്തു. പരിശുദ്ധാത്മാവ് വന്നതിനുശേഷം ശ്ലീഹന്മാരുടെ ജീവിതത്തിൽ

## പ്രതീക്ഷയുടെ പൂമൊട്ടുകൾ

എന്തു വലിയ മാറ്റങ്ങളാണുണ്ടായത് അല്ലേ... അതൊക്കെയാണല്ലോ ഈ ശ്ലീഹാക്കാലത്ത് നാം അനുസ്മരിക്കുന്നതും. മാമ്മോദീസായിൽ നമ്മിലേക്കു വന്ന പരിശുദ്ധാരൂപിക്ക് നമ്മിൽ പ്രവർത്തിക്കാൻ നാം അവസരമൊരുക്കണം. ചാരംമൂടിക്കിടക്കുന്ന തീക്കനൽ പോലെയാകരുത് നമ്മിലുള്ള ആത്മാവിന്റെ സാന്നിദ്ധ്യം. ആത്മാവു നമ്മിൽ പ്രവർത്തിക്കുമ്പോഴാണ്, നാം തുടക്കത്തിൽ പറഞ്ഞതുപോലെ, കുരിശു നമ്മുടെ രക്ഷയ്ക്കുള്ള ഉപകരണമാണെന്നു നാം തിരിച്ചറിയുന്നതും കുരിശുകളെ സ്നേഹിക്കുന്നതും. അതിനു പരിശുദ്ധാത്മാവ് നമ്മെ ശക്തിപ്പെടുത്തും. പരിശുദ്ധാത്മാവിന്റെ ഫലങ്ങൾ ജീവിതത്തിൽ നിറയുമ്പോഴാണ് യഥാർത്ഥ ക്രിസ്ത്യാനികളായി നാം മാറുന്നത്. അങ്ങനെയുള്ള ഒരു സമൂഹമായിരുന്നു ആദിമസഭ. നടപടി പുസ്തകത്തിൽ അതു പറയുന്നുണ്ടല്ലോ. നല്ല ക്രിസ്ത്യാനികളായി ജീവിച്ചുകൊണ്ട് നമുക്കും നല്ല സാക്ഷികളായി ജീവിക്കാം".

പരിശുദ്ധാത്മശക്തിയാൽ ദൈവഹിതമനുസരിച്ചു ജീവിക്കണമെന്ന ആഗ്രഹവും പ്രതിജ്ഞയുമായാണ് അന്ന് എല്ലാവരും വീടുകളിലേക്കു മടങ്ങിയത്.

*കൂദാശകളിലൂടെയും വിശുദ്ധ ശുശ്രൂഷകളിലൂടെയും പ്രത്യേക വരദാനങ്ങളിലൂടെയും പരിശുദ്ധാരൂപി ദൈവജനത്തെ വിശുദ്ധീകരിക്കുകയും നയിക്കുകയും പുണ്യങ്ങളാൽ അലംകൃതമാക്കുകയും ചെയ്യുന്നു.*




## നിന്നെയും വിളിക്കുന്നു.....

- നിന്റെ സ്നേഹം ആവശ്യമുള്ള ഒരു ലോകത്തിലേക്ക്....
- വിശുദ്ധിയിലേക്ക് നമ്മെ വിളിച്ചിരിക്കുന്ന ദൈവപിതാവിന്റെ വ്യവസ്ഥയില്ലാത്ത സ്നേഹം വചനാനുഭവത്തിലൂടെ പങ്കുവയ്ക്കുവാൻ....
- കർമ്മമാർഗ്ഗത്തിലൂടെ ഈശ്വരാനുഭവത്തിലേക്ക് മനുഷ്യമക്കളെ കൂട്ടിക്കൊണ്ടുവരാൻ....

**ഇതാ നിന്റെ മുമ്പിൽ വെല്ലുവിളിയുടെ ഒരു ജീവിതം....**

**Vocation Promoter, Apostolic Oblates, Spirituality Centre**
**Manganam P.O., , Kottayam - 686 018, Ph: 0481-2578192**

# വേനലിൽ ഒരു മഴ

റ്റെസികറുകപ്പറമ്പിൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്



**ഹോ...**

എന്തൊരു ചൂട്... എന്നു പറഞ്ഞ് വേനൽക്കാലത്തെ ഓരോ ദിനവും നമ്മൾ തള്ളിനീക്കുകയാണ്. ഒരിറ്റു വെള്ളത്തിനായി നമ്മൾ മാത്രമല്ല, കിളികളും മരങ്ങളും മൃഗങ്ങളും എന്നുവേണ്ട പ്രകൃതിയിലെ ഓരോ ജീവൻ തുടിപ്പുള്ളവയും കേഴുകയാണ്. ഇതിനിടയിൽ ഒരു മഴയെത്തിയാൽ എന്തൊരു ആവേശമാണ് നമുക്കെല്ലാം... ഒന്നു നനയാൻ... വെള്ളം ശേഖരിക്കാൻ ... വീണ്ടും മഴയെ വരണമെ എന്ന് സ്നേഹത്തോടെ വിളിക്കാൻ...

ഒന്നുമില്ലായ്മയുടെ മുമ്പിലാണ് നാമെല്ലാം ഇങ്ങനെ നിലവിളിക്കുക... ദൈവമേ ഒരിറ്റു വെള്ളം. മഴ സമൃദ്ധിയുടെ നാളുകളിൽ മഴയെ വർണ്ണിച്ചും, മഴയുടെ വരവുകളെ ആസ്വദിച്ചും നാമങ്ങനെ മുമ്പോട്ട് നീങ്ങുന്നു. കടുത്തവേനൽ എത്തണം ഈ മഴയുടെ വലുപ്പം മനസ്സിലാകുവാൻ.

## പ്രതീക്ഷയുടെ പൂമൊട്ടുകൾ

ഈ വേനൽ നമ്മുടെ ജീവിതത്തിന്റെ പച്ചയായ യാഥാർത്ഥ്യമാണ്. വേനലിനെ അതിജീവിക്കാനാവാതെ, മഴ ലഭിക്കാതെ എത്രയോ മുളപൊട്ടിയ ചെടികൾ മൺമറഞ്ഞു. പുൽനാമ്പുകൾ പോലും കരിഞ്ഞുണങ്ങി. എത്രയോ മരങ്ങൾ ഫലം ചൂടാതെ പൂക്കൾ കൊഴിഞ്ഞുപോയി. നമ്മുടെ ജീവിതത്തിലെ എത്രയോ സ്വപ്നങ്ങളാണ് കരിഞ്ഞുണങ്ങിപ്പോയത്. വിശ്വാസമില്ലാതെ, പ്രതീക്ഷയില്ലാതെ പൊട്ടിമുളച്ച എത്രയോ നല്ല ലക്ഷ്യങ്ങൾ നമ്മൾ പാടേ ഉപേക്ഷിച്ചു. കാത്തിരിക്കാനും ..... വീണ്ടും പച്ചപ്പ് നിറയ്ക്കുവാനും ദൈവം വരും എന്ന് പ്രതീക്ഷയോടെ ഓർക്കാതെ, എത്ര ജീവിതങ്ങൾ പാതിവഴിയിൽ പാഴാക്കികളഞ്ഞു.

ഈ വേനൽമഴയിൽ പുഴകൾ കവിഞ്ഞൊഴുകില്ല, കിണറുകൾ നിറഞ്ഞുകവിയില്ല... പക്ഷേ എന്റെയും നിന്റെയും ജീവിതങ്ങൾക്ക് അത് കുളിർമയേകും. പ്രതീക്ഷ നൽകും. തീർച്ച...

നമ്മുടെ ദുരിതങ്ങളും സഹനങ്ങളും രോഗങ്ങളും ആകുന്ന വേനലുകളിൽ ഒരു മഴയായി... ദൈവം കടന്നുവരും. ആ പ്രതീക്ഷയാണ് നമ്മുടെ കരിഞ്ഞുണങ്ങിയ സ്വപ്നങ്ങൾക്ക് പുത്തൻനാമ്പുകൾ നൽകുക. ജീവിതത്തിന് അർത്ഥവും, പ്രത്യാശയും നൽകുന്ന ഔഷധമായി നമ്മുടെ തമ്പുരാൻ എത്തുന്നു. "മഴയും മഞ്ഞും ആകാശത്തുനിന്നും വരുന്നു, അങ്ങോട്ടു മടങ്ങാതെ ഭൂമിയെ നനയ്ക്കുന്നു. അതു സസ്യങ്ങൾ മുളപ്പിച്ച് ഫലം നൽകി, വിതയ്ക്കാൻ വിത്തും, ഭക്ഷിക്കാൻ ആഹാരവും നൽകുന്നു" (ഏശയ്യ 55,10).

വേനൽ രൂക്ഷമാകുന്നു എന്നറിയുമ്പോഴൊക്കെ എന്റെ കണ്ണുകൾ ദൈവത്തിലേക്ക് തിരിഞ്ഞിട്ടുണ്ടോ? എന്റെ പ്രകൃതിയുടെ മാത്രം മരണമല്ല, എന്റെയും ആയുർദൈർഘ്യം കുറയുന്നുവെന്നു ഞാൻ ചിന്തിച്ചിട്ടുണ്ടോ?

ഇല്ലായെങ്കിൽ ഞാൻ ഇപ്പോഴും കടുത്തവേനലിൽ പരാതികളുടെയും, പരിഭവങ്ങളുടെയും, സങ്കടങ്ങളുടെയും മാറാപ്പ് ഏന്തി നിരാശയിൽത്തന്നെ. നമ്മുടെ കരങ്ങളും ... മനസ്സും അവനിലേക്ക് ഉയരട്ടെ... ഒരു മഴയ്ക്കുവേണ്ടി....

കടുത്തവേനലിൽ ഒരു മഴയുടെ ആഗമനം പ്രതീക്ഷിക്കുംപോലെ സങ്കീർത്തകനോടൊപ്പം നമുക്കും പറയാം "ദുരിതങ്ങൾ എനിക്കുപകാരമായി, തന്മൂലം ഞാൻ അങ്ങയുടെ ചട്ടങ്ങൾ അഭ്യസിച്ചുവല്ലോ" (സങ്കീ 119,71).

*ദൈവപിതാവിന്റെ മഹത്ത്വത്തിനായി മിശിഹായുടെ രാജ്യത്വം ലോകം മുഴുവൻ വ്യാപകമാക്കി എല്ലാ മനുഷ്യരെയും മിശിഹായുടെ രക്ഷാകരമായ വീണ്ടെടുപ്പിൽ പങ്കുകാരാക്കുന്നതിനും അവർ വഴി ലോകത്തെ മുഴുവൻ യഥാർത്ഥത്തിൽ മിശിഹായിലേക്കു നയിക്കുന്നതിനുംവേണ്ടിയാണ് സഭ ജന്മം കൊണ്ടത്.*

# സെനക്കിൾ തരംഗം

**മി**ശിഹായിൽ പ്രിയപ്പെട്ട വൈദികസഹോദരരേ,

ആരാധനക്രമവത്സരത്തിലെ ശ്ലീഹാക്കാലത്തേക്ക് നാം പ്രവേശിച്ചിരിക്കുകയാണല്ലോ. 'ശ്ലീഹാ' എന്ന സുറിയാനിവാക്കിന്റെ അർത്ഥം 'അയയ്ക്കപ്പെട്ടവൻ' എന്നാണ്. നാലു സുവിശേഷങ്ങളിലും ഈശോ തന്റെ ജീവിതവും പ്രബോധനവും അവസാനിപ്പിക്കുന്നത് 'പോകുവിൻ' എന്ന് ഉത്ബോധിപ്പിച്ചുകൊണ്ടാണ്. ശിഷ്യപ്പെടുത്താനും (മത്താ 28,19) സുവിശേഷം പ്രഘോഷിക്കുവാനും (മർക്കോ 16,15) ഈശോയ്ക്കു സാക്ഷ്യം വഹിക്കുവാനും (ലൂക്കാ 24,48) ലോകത്തിന്റെ പാപം നീക്കിക്കളയുവാനും (യോഹ 20,21-22) പോകുവിൻ എന്നാണ് അവിടുന്ന് ആഹ്വാനം ചെയ്തത്. അപ്രകാരം അയയ്ക്കപ്പെട്ടവരാകുവാനാണ് സഭയിൽ എല്ലാവരും വിളിക്കപ്പെട്ടിരിക്കുന്നത്. പുരോഹിതന്മാർ പന്ത്രണ്ടു ശ്ലീഹന്മാരുടെ ശ്ലൈഹികദൗത്യം പ്രത്യേകം ഏറ്റെടുത്തിരിക്കുന്നവരാണ്. സഭയിലെ പുരോഹിതദൗത്യം ശ്ലീഹന്മാരുടെ ദൗത്യത്തിന്റെ തുടർച്ചയാണ്; അത് 'ദൈവത്തിന്റെ' സുവിശേഷത്തിനു പുരോഹിതശുശ്രൂഷ ചെയ്യുവാനുള്ള ദൗത്യമാണ് (റോമാ 15,16). പുരോഹിതന്റെ ത്രിവിധദൗത്യങ്ങളും ഈ സുവിശേഷശുശ്രൂഷയുടെ ത്രിവിധതലങ്ങളാണ്. പ്രബോധനദൗത്യം സുവിശേഷം പ്രഘോഷിക്കുവാനും പഠിപ്പിക്കുവാനുമാണെങ്കിൽ, അജപാലനദൗത്യം സുവിശേഷം ജീവിക്കുന്നു എന്ന് ഉറപ്പുവരുത്താനാണ്. വിശുദ്ധീകരണദൗത്യം സുവിശേഷം ആഘോഷിക്കുന്ന ആരാധനക്രമശുശ്രൂഷയ്ക്ക് നേതൃത്വം വഹിക്കുവാനാണ്. അപ്രകാരം ത്രിവിധ ശുശ്രൂഷകളിലൂടെ വിശ്വസിക്കുകയും സ്നേഹിക്കുകയും ആരാധിക്കുകയും ചെയ്യുന്ന സമൂഹമായി സഭയെ കെട്ടിപ്പടുക്കുവാൻ പ്രത്യേകം അയയ്ക്കപ്പെട്ടവരാണ് നമ്മൾ എന്ന ബോദ്ധ്യത്തോടെ പുരോഹിതശുശ്രൂഷ നിർവഹിക്കുവാൻ ഈ ശ്ലീഹാക്കാലത്ത് നമുക്കു പരിശ്രമിക്കാം.

**മല്പാൻ ഫാദർ മാത്യു വെള്ളാനിക്കൽ**
**ജനറൽ മേജർ ഫാദർ**

### വാർത്തകൾ

**സെ**നക്കിൾ വൈദികരുടെ ഏപ്രിൽമാസത്തെ സമ്മേളനം കാഞ്ഞിരപ്പള്ളി രൂപതയുടെ മൈനർ സെമിനാരിയിൽവച്ച് ഏപ്രിൽ 26-ാം തീയതി നടത്തി. അതിനുശേഷം എല്ലാവരും സെനക്കിൾ അംഗമായ ബഹുമാനപ്പെട്ട ജേക്കബ് ചാത്തനാട്ടച്ചൻ വികാരിയായിരിക്കുന്ന കാഞ്ചിയാറ്റിൽ ചെന്ന് പുതുതായി പണിതീർത്ത ദൈവാലയത്തിൽ ഇടവക ജനങ്ങളോടൊപ്പം ബലിയർപ്പിച്ച് ദൈവത്തിനു നന്ദി പറഞ്ഞു. മല്പാൻ മാത്യു വെള്ളാനിക്കലച്ചൻ മുഖ്യകാർമ്മികത്വം വഹിച്ച് ഇടവകാദിനസന്ദേശം നല്കി. മെയ് മാസത്തെ സെനക്കിൾ സമ്മേളനം മാങ്ങാനം സ്പിരിച്ചാലിറ്റി സെന്ററിൽ 8-9 തീയതികളിൽ നടത്തി. 9-ാം തീയതി രാവിലെ 6.30 ന് എല്ലാവരും ചേർന്ന് അർപ്പിച്ച പരിശുദ്ധ കുർബാനമദ്ധ്യേ ബഹു. ജെയിംസ് തെക്കേമുറിയച്ചനും ബഹു. ഫ്രാൻസിസ് വടക്കേറ്റത്തച്ചനും അപ്പസ്തോലിക് സൊദാലെസ് ഇൻസ്റ്റിറ്റ്യൂട്ടിലെ അവരുടെ നിത്യസമർപ്പണം നടത്തുകയുണ്ടായി. ജനറൽ മേജർ ബ്രദർ മല്പാൻ മാത്യു വെള്ളാനിക്കലച്ചൻ അവരുടെ സമർപ്പണം ഔദ്യോഗികമായി സ്വീകരിച്ചു. അവർക്ക് പരമാവധി സ്നേഹത്തിന്റെ കുടുംബാംഗങ്ങളുടെ ഹൃദയംനിറഞ്ഞ ആശംസകൾ!

-സെനക്കിൾ വൈദികകൂട്ടായ്മയിൽ പങ്കുചേരുവാൻ താല്പര്യമുള്ളവർ, *സെനക്കിൾ തരംഗം, സ്പിരിച്ചാലിറ്റി സെന്റർ, മാങ്ങാനം പി.ഒ., കോട്ടയം-686 018* എന്ന വിലാസത്തിൽ ബന്ധപ്പെടുക.




**ബെറ്റി കച്ചിറ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**ഒന്നാം ദിവ്യരഹസ്യം**

സർവകൃപാവരസമ്പന്നയായ പരി. മറിയത്തെ നമുക്കു ധ്യാനിക്കാം

പരി. അമ്മേ, മാമ്മോദീസായാൽ ദൈവമക്കളായിത്തീർന്ന ഞങ്ങളിൽ യഥാർത്ഥ വിശ്വാസം കത്തി ജ്ജ്വലിക്കുവാൻ ഞങ്ങൾക്കുവേണ്ടി അമ്മ പ്രാർത്ഥിക്കണമേ.

*1 സ്വർഗ, 1 നന്മ, 1 ത്രിത്വ.*

**രണ്ടാം ദിവ്യരഹസ്യം**

ആദിമസഭയിലെ പരി. അമ്മയുടെ സാന്നിദ്ധ്യം നമുക്കു ധ്യാനിക്കാം.

ചിതറിപ്പോയ ശിഷ്യഗണത്തെ ഒരുമിപ്പിച്ചുകൂട്ടി പ്രാർത്ഥനയിൽ മുഴുകിയ പരി. അമ്മേ, തിരുസ്സഭാസ്നേഹത്തിൽ ഞങ്ങളുടെ ജീവിതം ആഴപ്പെടുവാൻവേണ്ട കൃപാവരത്തിനായി അമ്മ ഞങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കണമേ.

*1 സ്വർഗ, 1 നന്മ, 1 ത്രിത്വ.*

**മൂന്നാം ദിവ്യരഹസ്യം**

മനുഷ്യരെ മാനസാന്തരത്തിലേക്കു ക്ഷണിക്കുന്ന പരി. അമ്മയെ നമുക്കു ധ്യാനിക്കാം.

പരി. അമ്മേ, വിശുദ്ധരായി ജീവിക്കേണ്ട ഞങ്ങളെല്ലാവരും പാപത്തിന്റെ കെണികളിൽ വീഴാതിരിക്കുവാനും വീണുപോയാൽ ഉടൻ പശ്ചാത്തപിച്ചു പിന്തിരിയുവാനുമുള്ള കൃപയ്ക്കായി അമ്മ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.

*1 സ്വർഗ, 1 നന്മ, 1 ത്രിത്വ.*

**നാലാം ദിവ്യരഹസ്യം**

ആഴമേറിയ ആന്തരികജീവിതം നയിച്ച പരി. അമ്മയെ നമുക്കു ധ്യാനിക്കാം.

പരി. അമ്മേ, അങ്ങയെപ്പോലെ ജീവിതത്തിലെ എല്ലാ അനുഭവങ്ങളും ദൈവഹിതമായി കാണുവാനും അവയിലെ ദൈവികപദ്ധതി തിരിച്ചറിയുവാനുമുള്ള കൃപയ്ക്കായി അമ്മ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.

*1 സ്വർഗ, 1 നന്മ, 1 ത്രിത്വ.*

**അഞ്ചാം ദിവ്യരഹസ്യം**

പരിശുദ്ധ കുർബാനയുടെ സ്ത്രീ ആയ ദൈവമാതാവിനെ നമുക്കു ധ്യാനിക്കാം.

പരി. അമ്മേ, ക്രിസ്തീയജീവിതത്തിന്റെ സ്രോതസ്സും ഉച്ചകോടിയുമാണ് പരി. കുർബാന എന്ന് ഉറച്ചുവിശ്വസിച്ചുകൊണ്ട് കുർബാനയിൽ കേന്ദ്രീകൃതമായ ജീവിതം നയിക്കാനുള്ള കൃപയ്ക്കായി അമ്മ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.

*1 സ്വർഗ, 1 നന്മ, 1 ത്രിത്വ.*

സമാപനപ്രാർത്ഥന

പരിശുദ്ധ അമ്മേ, ഭയംകൂടാതെ സുവിശേഷ പ്രഘോഷണത്തിന് ധൈര്യം കാട്ടിയ ശിഷ്യന്മാരെപ്പോലെ സന്മനസ്സോടെ, സ്നേഹത്തോടെ ദൈവരാജ്യത്തിന് സാക്ഷികളായി വർത്തിക്കുവാൻ ഞങ്ങൾക്കു കൃപ നീ നല്കണമേ.



വിശുദ്ധിയുടെ മാതൃകയായ
മറിയത്തിന്റെ വിമലഹൃദയമേ
വിശുദ്ധരാകാമെന്ന പ്രത്യാശ
ഞങ്ങൾക്ക് നല്കണമേ

# Spirituality Centre Programme

## June

03 Social Animators
10 School of Bible
13 Bible Study Forum
13-14 Cenacle Gathering
(Sodales & Aspirants)
14 Family Gathering
17 Recollection for Apostolic Oblates

## July

01 Social Animators
02 St. Thomas Day Celebrations
03 School of Bible
11 Bible Study Forum
11-12 Cenacle Gathering
(Sodales & Aspirants)
15 Recollection for Apostolic Oblates

RNI: KERMAL/2014/59983
Published on
24th May 2017

PRATHEEKSHAYUDE POOMOTTUKAL
(Malayalam Monthly)

Registered: KL/KTM/72/2015-17
Licence No: KL/CR/KTM/WPP-43/2015-17
Licensed to post without prepayment

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

"മമനാമത്തിൽ ചോദിച്ചീടിൽ
ദിവ്യാത്മാവിനെ നല്കും താതൻ
സത്യം നീതി തുടങ്ങിയതെല്ലാം
നിങ്ങളെയന്നാൾ അറിയിച്ചീടും
ഏവം നല്കിയ വാഗ്ദാനത്തിൻ
പരിപൂർത്തിക്കായ് റൂഹാ വന്നു."
(എന്താനാ, ശ്ലീഹാക്കാലം-തിങ്കൾ)

Printed, Published & Owned by Annamma Kulathupurayidom, Spirituality Centre, Manganam P.O, Kottayam - 686 018, Printed at WiGi Printers, Manganam P.O, Kottayam - 686 018, Ph:0481- 2570862, Email; wigipress @ gmail. com and Published at Spirituality Centre, Manganam P.O, Kottayam - 686 018,Ph:0481- 2578192, Email; psmktm @ gmail com.
Editor : Fr. Mathew Vellanickal